# രക്ഷകനായ ക്രിസ്തു



ആരും നശിച്ചുപോകരുതെന്ന് ദൈവം ആഗ്രഹിക്കുന്നു.
2 പത്രൊസ് 3:9

കെ.ജി.കുര്യൻ, കോട്ടയം

# ലോക ഗുരുക്കന്മാരിൽ നിന്നും മതസ്ഥാപകന്മാരിൽ നിന്നും വ്യത്യസ്തനായ നിസ്തുല്യനും മഹോന്നതനുമായ യേശുക്രിസ്തുവിന്റെ വിശിഷ്ടമായ അവകാശവാദങ്ങൾ.



കെ.ജി.കുരിയൻ

1916 - 1984

"ലോകത്തിലെ മഹാന്മാരിൽ ഒരുവനായിട്ടല്ല യേശുക്രിസ്തുവിനെ ബൈബിളിൽ ചിത്രീകരിച്ചിരിക്കുന്നത്.
അവിടുന്ന് നിസ്തുല്യനാണ്.
ഒരു വിശേഷണപദവും ചേർത്ത് തന്റെ മഹാത്മ്യത്തെ വർദ്ധിപ്പിക്കാനാവില്ല.
തന്റെ ആളത്വം നമ്മുടെ വിശകലനത്തിനതീതമാണ്.
അതിന്റെ മുമ്പിൽ നാം തലകുനിച്ച് പോകുന്നു.
യേശുക്രിസ്തു ഒരു ചോദ്യമല്ല ഉത്തരമാണ്. ഒരു പ്രശ്നമല്ല ഒരു പോംവഴിയാണ്.
ലോകത്തിന്റെ പ്രശ്നത്തിനെല്ലാം ദൈവം നൽകിയ ഉത്തരമാണ് കർത്താവായ യേശുക്രിസ്തു.
മനുഷ്യന്റെ ആദ്ധ്യാത്മീകവും ധാർമ്മീകവുമായ സകല ചോദ്യങ്ങളുടേയും അന്തിമവും പൂർണ്ണവുമായ ഉത്തരമാണ് ക്രിസ്തു."

TETELESTAI PUBLICATIONS

# 1

# ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

**നിങ്ങളോ എന്നെ ആർ എന്ന് പറയുന്നു എന്ന് യേശു ചോദിച്ചതിന്, ശീമോൻ പത്രോസ് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉത്തരം പറഞ്ഞു.**

മത്തായി 16:15,16

ലോക ചരിത്രത്തിലെ അതിപ്രധാനമായ ഒരു ചോദ്യമാണിത്. സ്വന്ത ഉപദേശങ്ങളെപ്പറ്റി ഇതര മതസ്ഥാപകന്മാരും ലോകഗുരുക്കന്മാരും മറ്റുള്ളവരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടാവാം. എന്നാൽ അവരുടെ ആളത്വത്തെക്കുറിച്ചുള്ള അഭിപ്രായം അവർ ചോദിച്ചിട്ടില്ല. യേശുക്രിസ്തുവാകട്ടെ തന്റെ വ്യക്തിത്വത്തെക്കുറിച്ചുതന്നെ യെഹൂദന്മാരോട് ചോദിക്കുന്നു. ക്രിസ്തു സാക്ഷാൽ ദൈവപുത്രനോ അതോ വെറും മനുഷ്യനോ?. ഇതായിരുന്നു ഈ ചോദ്യം കൊണ്ട് കർത്താവായ യേശു ഉദ്ദേശിച്ചത്. അവിടുത്തെ ഉപദേശമല്ല വ്യക്തിത്വമാണ് ചോദ്യവിഷയം. മറ്റുള്ളവർ തന്നെപ്പറ്റി എന്തു വിചാരിച്ചാലും തന്റെ ഉപദേശം അവർ സ്വീകരിക്കുമെങ്കിൽ താൻ കൃതാർത്ഥനായി എന്ന് അവിടുന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. മറ്റ് മതാചാര്യന്മാരെല്ലാം തങ്ങളുടെ ഉപദേശത്തിനാണ് ആളത്വത്തിനല്ല വിലകല്പിക്കുന്നത്. അവർ ആരാണെന്നുള്ളതല്ല അവർ എന്തുപഠിപ്പിക്കുന്നു എന്നതാണ് പ്രധാന വിഷയം. യേശുക്രിസ്തുവാകട്ടെ സ്വന്ത ആൺമയെ സർവ്വോപരി ഉയർത്തികാണിക്കുന്നു. തത്വങ്ങളുടേയും പ്രമാണങ്ങളുടേയും പ്രഭാപൂരത്തിൽ ഇതര ലോകഗുരുക്കന്മാരുടെ വ്യക്തിപ്രഭാവം നിഷ്പ്രഭങ്ങളായിത്തീരുകയാണ് ചെയ്യുന്നത്. ക്രിസ്തുവോ അത്യുന്നതങ്ങളായ മഹൽസത്യങ്ങളെ തന്റെ ആളത്വത്തോടു ഘടിപ്പിച്ച് പറയുന്നതിന് മടിക്കുന്നില്ല. മറ്റുള്ളവർ സന്ദേശവാഹകന്മാരാണെന്നുള്ളതിൽ കവിഞ്ഞ് ഒന്നും അവകാശപ്പെടുന്നില്ല. യേശുക്രിസ്തുവാകട്ടെ സന്ദേശവാഹകനും സന്ദേശവുമായിട്ടാണ് ലോകത്തിന്റെ മുമ്പിൽ നിൽക്കുന്നത്. തന്നെക്കുറിച്ച് തന്നെ പറയുന്ന മഹനീയ സന്ദേശമാണ് തന്റെ അതിപ്രധാന സന്ദേശം.

സ്വന്ത ആളത്വത്തെക്കുറിച്ച് ഇത്രവളരെ കാര്യങ്ങൾ യേശുക്രിസ്തു പറഞ്ഞിരിക്കുന്നതിൽനിന്ന് അതിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാം. കർത്താവായ യേശുക്രിസ്തുവിന്റെ ആളത്വമാണ് ക്രിസ്തുമതത്തിന്റെ ഏക അടിസ്ഥാനം. ചുരുക്കിപ്പറഞ്ഞാൽ ക്രിസ്തുവാണ് ക്രിസ്തുമതം. യേശുക്രിസ്തുവിനെപ്പറ്റി എന്തുവിചാരിച്ചാലും പർവ്വതപ്രസംഗം അംഗീകരിച്ചാൽ ക്രിസ്തുമതം അംഗീകരിക്കുന്നതിന് തുല്യമാണെന്ന് കരുതുന്നവരുണ്ട്. ഇത് ശരിയല്ല എന്ന് പറവാൻ ഞാൻ ആഗ്രഹിക്കുന്നു. പർവ്വതപ്രസംഗത്തിന്റെ ഒടുവിലത്തെ ഭാഗത്ത് ക്രിസ്തുവിന്റെ നിസ്തുല്യമായ ആളത്വം എത്രയും വ്യക്തമായി പ്രതിഫലിച്ച് കാണുന്നു. തന്റെ വാക്കുകളെ കേൾക്കുന്നവർക്ക് നിത്യമോക്ഷവും അങ്ങനെ ചെയ്യാത്തവർക്ക് നിത്യനാശവുമായിരിക്കും ഫലം എന്ന് യേശുക്രിസ്തു പറയുന്നു. തന്നെ നിരസിക്കുന്നവർ നരകത്തിലേക്ക് പോകുമെന്ന് എത്ര വ്യക്തവും ഖണ്ഡിതവുമായിട്ടാണ് കർത്താവായ യേശു ഇവിടെ പറയുന്നത്!.

TETELESTAI PUBLICATIONS

ലോകത്തിലെ മഹാന്മാരിൽ ഒരുവനായിട്ടല്ല യേശുക്രിസ്തുവിനെ ബൈബിളിൽ ചിത്രീകരിച്ചിരിക്കുന്നത്. മഹാനായ യേശു എന്ന് നാം ഒരിക്കലും പറയുന്നില്ല. അവിടുന്ന് നിസ്തുല്യനാണ്. ഒരു വിശേഷണപദവും ചേർത്ത് തന്റെ മഹാത്മ്യത്തെ വർദ്ധിപ്പിക്കാനാവില്ല. യേശുവിന്റെ ആളത്വം നമ്മുടെ വിശകലനത്തിനതീതമാണ്. അതിന്റെ മുമ്പിൽ നാം തലകുനിച്ച് പോകുന്നു.

യേശുക്രിസ്തു ഒരു ചോദ്യമല്ല ഉത്തരമാണ്. ഒരു പ്രശ്നമല്ല ഒരു പോംവഴിയാണ്. ലോകത്തിന്റെ പ്രശ്നത്തിനെല്ലാം ദൈവം നൽകിയ ഉത്തരമാണ് കർത്താവായ യേശുക്രിസ്തു. മനുഷ്യന്റെ ആദ്ധ്യാത്മീകവും ധാർമ്മീകവുമായ സകല ചോദ്യങ്ങളുടേയും അന്തിമവും പൂർണ്ണവുമായ ഉത്തരമാണ് ക്രിസ്തു.

ഒരാളിന്റെ ഔന്നത്യം പ്രധാനമായി രണ്ടു കാര്യങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത്. ഒന്ന്, മനുഷ്യവർഗ്ഗത്തിന്റെ മേൽ അദ്ദേഹത്തിനുള്ള സ്വാധീനതയുടെ വ്യാപ്തി. മറ്റത്, അയാളുടെ സ്വഭാവശുദ്ധി. ഈ രണ്ട് കാര്യങ്ങൾ നോക്കിയാലും മാനവചരിത്രത്തിൽ യേശുക്രിസ്തുവിനുള്ള സ്ഥാനം അതുല്യവും അത്യുന്നതവുമാണ്. അവിടുത്തെ സ്വാധീന ശക്തി എത്ര അത്ഭുതാവഹമായിരിക്കുന്നു എന്ന് നോക്കുക!. അവിടുന്ന് കേവലം ദരിദ്രനായ ഒരു തച്ചനായിട്ടാണ് വളർന്നത്. എന്നാൽ ഇന്ന് എത്രയോ കോടീശ്വരന്മാർ അവിടുത്തെ ദാസന്മാരാണ്. ആയിരം പതിനായിരത്തെ രുപാന്തരപ്പെടുത്തിപ്പണിയുന്ന ദിവ്യതച്ചനായി കർത്താവായ യേശു ഇന്നും ജീവിക്കുന്നു. അവിടുന്ന് ഒരു തത്വജ്ഞാനിയല്ലായിരുന്നു. എങ്കിലും അവിടുത്തെ വാക്കുകളുടെ അർത്ഥം ഗ്രഹിക്കാൻ തത്വജ്ഞാനികളും വിഷമിക്കുന്നു. അവിടുത്തെ പ്രഭാഷണങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ പണ്ഡിതശിരോമണികൾക്കുപോലും കഴിഞ്ഞിട്ടില്ല. കർത്താവായ യേശുക്രിസ്തു ഒരു കവിയോ സാഹിത്യകാരനോ ആയിരുന്നില്ല. എങ്കിലും കഴിഞ്ഞ ഇരുപത് നൂറ്റാണ്ടുകളായി കവിതകൾക്കു വിഷയവും, സാഹിത്യത്തിന് നിദാനവുമായി അവിടുന്ന് ശോഭിക്കുന്നു. ഒരു പുസ്തകമെന്നല്ല ഒരു വരിപോലും അവിടുന്ന് എഴുതിയിട്ടില്ല. എന്നിരുന്നാലും തന്നെക്കുറിച്ച് എഴുതിയിട്ടുള്ളതും എഴുതിക്കൊണ്ടിരിക്കുന്നതുമായ ഗ്രന്ഥങ്ങളുടെ എണ്ണം നോക്കിയാൽ വേറെ ആരെയും കുറിച്ച് ഇത്രയധികം പുസ്തകങ്ങൾ എഴുതിയിട്ടില്ലെന്ന് കാണാം. യേശുക്രിസ്തു ഒരു സേനാനിയോ യുദ്ധവീരനോ അല്ലായിരുന്നു. എങ്കിലും ആ രക്ഷാനായകന്റെ കീഴിൽ അണിനിരന്നിട്ടുള്ളിടത്തോളം ധർമ്മഭടന്മാർ ഒരു സേനാനിയുടെ കീഴിലും ഇന്നോളം അണിനിരന്നിട്ടില്ല. ക്രിസ്തു ഒരു സംഗീതക്കാരനല്ലായിരുന്നു, പക്ഷെ ഇത്രയധികം ഗാനങ്ങൾക്ക് ഉറവയായി നിൽക്കുവാൻ ആർക്ക് കഴിഞ്ഞിട്ടുണ്ട്. ആയിരം പതിനായിരങ്ങൾക്കല്ല കോടാനുകോടി മനുഷ്യർക്ക് പാടുവാൻ പ്രചോദനം നൽകുന്നത് അവിടുന്നാണ്. ക്രിസ്തു ഒരു ദേശസഞ്ചാരി അല്ലായിരുന്നു. ഒരു ചെറുരാജ്യമായ പലസ്തീൻ ദേശത്തിന്റെ അതിരുകൾക്കപ്പുറം താൻ അധികം സഞ്ചരിച്ചിട്ടില്ല. എങ്കിലും ഭൂലോകമൊക്കെയും പോയി അറിയിക്കേണ്ട ഒരു നാമമായി അവിടുത്തെ നാമം ഉയർന്നിരിക്കുന്നത് കാണുക. ലോകദൃഷ്ടിയിൽ യേശുക്രിസ്തു വിദ്യാസമ്പന്നനോ പണ്ഡിതനോ ആയിരുന്നില്ല, എന്നാലും കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി കലാശാലകളും ലോകപ്രശസ്തമായ വിദ്യാകേന്ദ്രങ്ങളും തന്നെക്കുറിച്ച് പഠിച്ചുകൊണ്ടിരുന്നിട്ടും അവസാനിച്ചുപോകാത്ത ജ്ഞാനഭണ്ഡാഗാരമായി അവിടുന്ന് ഇന്നും വിജയിച്ചരുളുന്നു. മനുഷ്യഹൃദയത്തിന് വെളിച്ചം കൊടുത്തും, കലകൾക്ക് പ്രചോദനം നൽകിയും, സാഹിത്യത്തിന് വിഷയമായും, തത്വജ്ഞാനത്തിന് പൊരുളായും കർത്താവായ യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു?. അവിടുത്തെ സ്വാധീനശക്തിപോലെ അത്ഭുതാവഹമാണ് അവിടുത്തെ പാപരഹിതമായ ജീവിതവും. താൻ പാപരഹിതനായിരുന്നതിനാൽ മറ്റ് മനുഷ്യരുടെ പാപത്തിന് ഒരു പ്രായശ്ചിത്ത യാഗമായി മരിക്കുവാൻ തനിക്ക് സാധിച്ചു. ആ ജീവിതത്തിൽ ചെയ്തുപോയ തെറ്റിനെക്കുറിച്ച് പശ്ചാത്താപമോ, അറിയാതെ വന്നുപോയ അബദ്ധത്തെക്കുറിച്ച് അനുതാപമോ നാം കാണുന്നില്ല. ക്രിസ്തു അനേകരുടെ പാപങ്ങളെ മോചിപ്പിച്ചിട്ടുണ്ട്. തന്റെ പാപത്തെക്കുറിച്ച് നാം ഒരിടത്തും വായിക്കുന്നില്ല. താൻ ആരോടെങ്കിലും ക്ഷമ ചോദിക്കകയോ തന്റെ പാപം ദൈവം ക്ഷമിച്ചുതന്നു എന്നു പറയുകയോ ചെയ്തിട്ടില്ല. ഈ നിലയിൽ യേശുക്രിസ്തു പാപികളിൽനിന്ന് ഉന്നതനും വിശുദ്ധന്മാരിൽനിന്നും വ്യത്യസ്തനുമാണ്.

TETELESTAI PUBLICATIONS

ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു?. അവിടുത്തെ മുമ്പിൽ പ്രകൃതിശക്തികൾ ഒതുങ്ങി പ്പോയി. ക്ഷോഭിച്ചുമറിഞ്ഞ കടൽ അവിടുത്തെ ആജ്ഞയുടെ മുമ്പിൽ ശാന്തമായി, ആഞ്ഞടിച്ച കൊടുങ്കാറ്റ് പ്രശാന്തതയിൽ ഒളിച്ചു. മരിച്ചുപോയവർ ക്രിസ്തുവിന്റെ വാക്കുകളുടെ ശക്തിയാൽ ജീവിച്ചെഴുന്നേറ്റു. ബഹുശതം രോഗികൾ തന്റെ ആജ്ഞയാൽ ഞൊടിക്കുള്ളിൽ സൗഖ്യമുള്ളവരായിത്തീർന്നു. വെറും അഞ്ചപ്പവും രണ്ടുമീനും കൊണ്ട് വിശന്നുവലഞ്ഞ അയ്യായിരത്തെ പോഷിപ്പിക്കുവാൻ യേശുക്രിസ്തുവിന് നിഷ്പ്രയാസം സാധിച്ചു. ഇതര ലോക ഗുരുക്കന്മാരും മതാചാര്യരും അവകാശപ്പെട്ടിട്ടില്ലാത്തതും അവകാശപ്പെടാൻ കഴിയാത്തതുമായ കാര്യങ്ങളാണ് ക്രിസ്തു അവകാശപ്പെട്ടത്. മറ്റുള്ളവരുടെ സകല ആവശ്യങ്ങളും പരിഹരിക്കുവാൻ താൻ ശക്തനാണെന്ന് അവകാശപ്പെടുന്നതിന് ക്രിസ്തു മടിക്കുന്നില്ല. മറ്റുള്ളവർ തെറ്റിപ്പോയ ആടുകളാണെങ്കിൽ താൻ തെറ്റിപ്പോയിട്ടില്ല എന്നുമാത്രമല്ല ഇടയനുമാണ്. ഇതരന്മാർ രോഗികളാണെങ്കിൽ താൻ രോഗമില്ലാത്തവൻ മാത്രമല്ല വൈദ്യനുമാണ്. മറ്റുള്ളവർ പാപികളാണ്, താൻ പാപരഹിതൻ എന്നുതന്നെയുമല്ല പാപികളുടെ രക്ഷകനുമാണ്.

ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു?. ലോകം മരുഭൂമിയാണെങ്കിൽ യേശുക്രിസ്തു അതിലെ മരുപ്പച്ചയാണ്. ലോകജീവിതം ഒരു സമുദ്രമാണെങ്കിൽ അവിടുന്നാണ് അത് തരണംചെയ്യുവാനുള്ള ഏകയാന പാത്രം. ക്രിസ്തുവില്ലാത്ത ജീവിതം ശൂന്യമാണ്. യേശുക്രിസ്തു പാപികളെ രക്ഷിക്കുകയും വിശുദ്ധന്മാരെ സംരക്ഷിക്കുകയും ചെയ്യുന്നു. ക്രിസ്തുവിനെക്കുറിച്ച് എന്ത് തോന്നുന്നു. എന്ന ചോദ്യം നിങ്ങളുടെ ആത്മരക്ഷക്കാവശ്യമായ ചോദ്യമാണെന്നോർക്കണം. വേറെ ആരും ജനിച്ചിട്ടില്ലാത്തതുപോലെ യേശുക്രിസ്തു കന്യകയിൽ ജനിച്ചു. വേറെ ആരും ജീവിച്ചിട്ടില്ലാത്തതുപോലെ അവിടുന്നു പാപരഹിതനായി ജിവിച്ചു. വേറെ ആരും മരിച്ചിട്ടില്ലാത്തതുപോലെ അവിടുന്ന് പാപപരിഹാരാർത്ഥം മരിച്ചു. മറ്റാരും ചെയ്തിട്ടില്ലാത്തതുപോലെ മൂന്നാം ദിവസം പുനരുദ്ധാനം ചെയ്ത് ഇന്നും ജീവിക്കുന്നു. ഈ ക്രിസ്തു നിങ്ങളുടെ സ്വന്ത രക്ഷകനായിത്തീർന്നിട്ടുണ്ടോ. ചരിത്രത്തിലേയും, വേദശാസ്ത്രത്തിലേയും ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ പാപികളുടെ രക്ഷകനായി പിറവിയെടുക്കണം.

മാന്യസ്നേഹിതാ, നിങ്ങൾ ശാസ്ത്രജ്ഞനായിരിക്കാം, എങ്കിലും ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ആരിലാണോ ഗുപ്തമായിരിക്കുന്നത് ആ ക്രിസ്തുവിനെ നിങ്ങളുടെ രക്ഷിതാവായി കണ്ടില്ലെങ്കിൽ ശാസ്ത്രത്തിന്റെ പൊരുൾ നിങ്ങൾ കണ്ടെത്തിയിട്ടില്ല. നിങ്ങൾ ഒരു വാനശാസ്ത്രജ്ഞനാണെങ്കിൽ നീതിസൂര്യനും ഉദയനക്ഷത്രവുമായ ക്രിസ്തുവിനെപ്പറ്റി നിങ്ങൾ പഠിച്ചിട്ടുണ്ടോ. ഒരു സസ്യശാസ്ത്രജ്ഞനാണെന്നുവന്നാൽ സാക്ഷാൽ മുന്തിരിവള്ളിയായ ക്രിസ്തുവനെക്കുറിച്ച് നിങ്ങൾക്കെന്തറിയാം. നിങ്ങൾ ഒരു ഭൂഗർഭ ശാസ്ത്രജ്ഞനാണെങ്കിൽ യുഗങ്ങളുടെ പാറയായ ക്രിസ്തുവിനെ നിങ്ങൾക്കുവേണ്ടി പിളർന്ന പാറയായി കാണുവാൻ സാധിച്ചിട്ടുണ്ടോ. മൃഗലോകത്തിലാണ് നിങ്ങളുടെ ശ്രദ്ധയെങ്കിൽ ലോകത്തിന്റെ പാപം ചുമന്നുനീക്കിയ കുഞ്ഞാടായി യേശുക്രിസ്തുവിനെ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ. നിങ്ങൾ ഒരു ഭാഷാ പണ്ഡിതനാണെങ്കിൽ വചനമായ ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്കെന്തറിയാം.

മാന്യവായനക്കാരാ, ഈ അതിപ്രധാന ചോദ്യത്തിന് നിങ്ങൾ ഉത്തരം പറഞ്ഞേ മതിയാവൂ. യേശുക്രിസ്തുവിനെ വെറും മതാചാര്യനായിട്ടോ, ലോക ഗുരുവായിട്ടോ അല്ല, സ്വന്തം രക്ഷകനും കർത്താവുമായി നിങ്ങൾ അംഗീകരിക്കണം. ഈ ചോദ്യത്തിന്റെ ഉത്തരത്തെ ആശ്രയിച്ചാണ് നിങ്ങളുടെ സത്യമോക്ഷമോ, നിത്യശാപമോ നിലകൊള്ളുന്നത്. ഇന്ന് ക്രിസ്തു പാപികളുടെ രക്ഷകനാണ്. ഭാവിയിൽ താൻ ന്യായാധിപനായിരിക്കും, പ്രസംഗത്തിന് വിഷയവും, കവിതക്ക് നിദാനവും, സംഗീതത്തിന് ഉറവയും, ആരാധനക്ക് പാത്രവും, പ്രപഞ്ചത്തിന് ആധാരവും, പാപിയുടെ രക്ഷകനുമായ കർത്താവായ യേശുക്രിസ്തുവിന്റെ വന്ദ്യതിരുനാമം ഇന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ.

2

# ആശ്വാസദായകൻ

**അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ,
എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.**

മത്തായി 11:28

ഇനിയും നമുക്ക് യേശുക്രിസ്തുവിന്റെ അവകാശവാദങ്ങളെ ഒരോന്നായി പരിശോധിക്കാം. ക്രിസ്തുവിന്റെ അവകാശവാദങ്ങളിൽ ഒന്നാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. അദ്ധ്വനിക്കുന്നവരെ അവഗണിക്കുകയും, ഭാരം ചുമക്കുന്നവരുടെ ചുമട് വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഈ ലോകത്തിൽ ആ രണ്ടു കൂട്ടർക്കും ആശ്വാസമരുളുന്ന ഈ വാക്കുകൾ എത്രയോ ശ്രദ്ധേയമാണ്. യേശുക്രിസ്തു ലോകത്തിന് സംഭാവന ചെയ്തതെന്താണ്?. വിജ്ഞാനമാണോ അതോ തത്വശാസ്ത്രമാണോ. ഇവ രണ്ടുമല്ല. ഇവയിൽ ഉപരിയായ ഒന്നാണ് ആശ്വാസം. ആശ്വാസം ആർക്കാണാവശ്യം?. അദ്ധ്വാനിക്കുന്നവർക്കും, ഭാരം ചുമക്കുന്നവർക്കും. ഇതാരായിരിക്കാം. മറ്റാരുമല്ല, മനുഷ്യരായ നാമോരോരുത്തരുമാണ്. ധനവാനും ദരിദ്രനും, മുതലാളിയും തൊഴിലാളിയും, പാശ്ചാത്യനും പൗരസ്ത്യനും എല്ലാവരും അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമാണ്. ഈ അദ്ധ്വാനവും ഭാരവും ശാരീരികമാണോ. അല്ല, ഒരിക്കലുമല്ല. യേശുക്രിസ്തു തുടർന്ന് പറയുന്നത് കേൾക്കുക. “നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും”. തന്നിമിത്തം ഈ അദ്ധ്വാനവും ഭാരവും ആത്മീകമാണെന്ന് തെളിയുന്നു. ആത്മീകമായി പറഞ്ഞാൽ ഏതുമനുഷ്യനും ഈ പട്ടികയിൽ പെടും. മനുഷ്യരാശിയിലെ ഒരു വ്യക്തിയേയും ഈ കാര്യത്തിൽ ഒഴിച്ചുനിർത്തുവാൻ ആവശ്യമില്ല.

എന്തുകൊണ്ടാണ് മനുഷ്യർ ആത്മീകമായി അദ്ധ്വാനിക്കുന്നവരായി തീർന്നത്. മനുഷ്യന്റെ പാപമാണിതിനു കാരണം. ഭൗതീകമായ ഒന്നിനും തൃപ്തി വരുത്തുവാൻ കഴിയാത്ത ഒരാത്മാവ് മനുഷ്യനുണ്ട്. ശാരീരികാവശ്യങ്ങൾ നിറവേറ്റിയാൽ മൃഗം തൃപ്തിപ്പെടും. മനുഷ്യന് അത് പോരാ. അവൻ കേവലം ശരീരം മാത്രമല്ല, ശരീരവും ആത്മാവും ചേർന്നവനാണ്. ഈ ആത്മാവിന്റെ അധഃപതനമാണ് മനുഷ്യന്റെ അസമാധാനത്തിനുള്ള മുഖ്യഹേതു. നമ്മുടെ ഏറ്റവും വലിയ ആവശ്യം ശാരീരികമല്ല, ആത്മീകമാണ്. ആത്മാവിന്റെ രക്ഷയും സമാധാനവുമാണ് നമ്മുടെ മുഖ്യ ആവശ്യം. പാപം നിമിത്തം നമ്മുടെ ആത്മാവ് സമാധാനത്തിൽനിന്നും, ആശ്വാസത്തിൽനിന്നും അകന്നുപോയി. നീതിമാനും വിശ്വസ്തനുമായ ദൈവത്തിന്റെ മുമ്പാകെ നാം കുറ്റക്കാരായി തീർന്നു. നാം പാപത്തിൽ ജനിച്ചു പാപികളായി ജീവിതം തുടരുന്നു. ശിക്ഷാവിധിയെക്കുറിച്ചുള്ള ബോധം നമ്മെ അസ്വസ്ഥചിത്തരും ഭയചകിതരുമാക്കുന്നു. ഇതിൽനിന്നു മുക്തിനേടുവാൻ നാം സൽക്കർമ്മങ്ങൾ വഴി അദ്ധ്വാനിക്കുന്നു. ഫലമോ, നാം പിന്നേയും പാപത്തിന്റെ ചുമട് ചുമക്കുക തന്നേ. ഇങ്ങനെ നിസ്സഹായരായിരിക്കുന്ന പാപികളെ രക്ഷിക്കുന്നതിന് വേണ്ടിയാണ് യേശുക്രിസ്തു ലോകത്തിൽ വന്നത്. എന്റെ അടുക്കൽ വരിക എന്ന സ്നേഹ മസൃണമായ ക്ഷണമാണ് നാം കേൾക്കുന്നത്. നാം പ്രകൃത്യാ തന്റെ സമീപത്തല്ല സ്ഥിതിചെയ്യുന്നത്. പാപം നിമിത്തം നാം തന്നിൽനിന്നകന്ന്

TETELESTAI PUBLICATIONS

പോയി. വീണ്ടും അടുത്ത് ചെല്ലുന്നതിനാണ് ക്രിസ്തു നമ്മെ ക്ഷണിക്കുന്നത്. അടുത്തുചെന്നാൽ ആശ്വാസം സൗജന്യമായി ലഭിക്കും.

എന്റെ അടുക്കൽ വരിക. നാം ചെല്ലേണ്ടത് ഒരു സഭയുടെ അടുക്കലേക്കോ, ഒരു വിശ്വാസ പ്രമാണത്തിന്റെ അടുക്കലേക്കോ അല്ല. ഒരു ആചാരത്തിന്റെ അടുക്കലേക്കുമല്ല. പിന്നെ, നാം ചെല്ലേണ്ടത്, ഒരു പുരുഷന്റെ, ഒരു രക്ഷകന്റെ, കർത്താവായ യേശുക്രിസ്തുവിന്റെ അടുക്കലേക്കാണ്. നമ്മുടെ രക്ഷ ഒരു സഭയിലല്ല, ഒരു രക്ഷാകർമ്മത്തിലോ, ഒരു പുരോഹിതനിലോ അല്ല. അത് ഒരു സമുദായത്തിലോ മതത്തിലോ അല്ല. രക്ഷ ഇതിലൊന്നിലുമല്ല. ക്രിസ്തുവിൽ മാത്രമാണ്. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എത്രപേരാണ് ചെല്ലേണ്ടത്?. എല്ലാവരും.

ക്രിസ്തുവിന്റെ അടുക്കൽ ചെന്നാൽ എന്ത് ലഭിക്കും?. ആശ്വാസം. ഞാനാശ്വസിപ്പിക്കും, അനുഗ്രഹിക്കപ്പെട്ട വാഗ്ദത്തം. മരണവക്ത്രത്തിലിരിക്കുന്ന പാപിക്ക് ജീവവാതിൽ തുറന്നുകൊടുക്കുന്ന ഒരു വാഗ്ദത്തമാണിത്. അന്ധകാരത്തിൽ തപ്പിതടയുന്ന മനുഷ്യന് അനന്ത സൗഭാഗ്യത്തിന്റെ മണിവിളക്ക് കൊളുത്തിവെക്കുന്ന വാക്കുകളാണിത്. ഞാനാശ്വസിപ്പിക്കും. കർത്താവായ യേശുക്രിസ്തുവിന്റെ നിസ്തുല്യമായ ആളത്വത്തിന്റെ പ്രഭയും ഈ വാക്കുകളിൽ പ്രതിഫലിച്ചുനിൽക്കുന്നു. ആശ്വസിപ്പിക്കാൻ ശ്രമിക്കാമെന്നല്ല, ആശ്വാസത്തിനുള്ള വഴി പറഞ്ഞുതരാമെന്നല്ല, ആശ്വസിപ്പിക്കാമെന്നുതന്നെയാണവിടുന്ന് ഖണ്ഡിതമായി പറഞ്ഞിരിക്കുന്നത്. അവിടുത്തെ അടുക്കൽ ചെന്നാൽ ആശ്വാസം നിശ്ചയമാണ്. ഒരു പടികൂടി കടന്നുപറയട്ടെ, ഞാൻ ആശ്വാസം പ്രാപിച്ച മാർഗ്ഗം പറയാമെന്നുമല്ല ക്രിസ്തുവിന്റെ വാഗ്ദാനം. ഇക്കാര്യത്തിൽ മറ്റ് മതഗുരുക്കന്മാരിൽനിന്നു ക്രിസ്തു എത്രയോ വിദൂരസ്ഥനാണ്. ക്രിസ്തു ആശ്വാസം പ്രാപിച്ച മാർഗ്ഗത്തിൽ കൂടെ ആശ്വാസം പ്രാപിക്കാനല്ല നമ്മെ ആഹ്വാനം ചെയ്തിരിക്കുന്നത്. ക്രിസ്തു ആശ്വാസം പ്രാപിച്ച ഒരു ഘട്ടമോ, ബുദ്ധനെപ്പോലെ ജ്ഞാനമുദിച്ച ഒരു പ്രത്യേക മുഹൂർത്തമോ പറയാനില്ല. താൻ പാപരഹിതനായിരുന്നതിനാൽ പാപമോചനമോ ആത്മശാന്തിയോ തനിക്കാവശ്യമായിരുന്നില്ല. അവരവർ സ്ഥാപിച്ച മതങ്ങളിലെ ആദ്യത്തെ അനുയായികൾ അതാതു മതസ്ഥാപകർ തന്നെയാണെന്നു കാണാം. എന്നാൽ യേശുക്രിസ്തു അങ്ങനെയല്ല. ഒന്നാമത്തെ ക്രിസ്ത്യാനി യേശുക്രിസ്തുവാണെന്ന് പറയാൻ സാദ്ധ്യമല്ല. പാപമോചന നിശ്ചയവും, രക്ഷയുടെ ഉറപ്പുമാണ് ഒരു സത്യക്രിസ്ത്യാനിയുടെ ഒന്നാമത്തെ അടയാളം. ക്രിസ്തുവിൽ ഈ ലക്ഷണങ്ങൾ കാണാനില്ല. ക്രിസ്തു പാപിയല്ല പാപിയുടെ രക്ഷകനാണ്. താൻ ആശ്വാസം പ്രാപിച്ച വ്യക്തിയല്ല, ആശ്വാസത്തിന്റെ ഉറവിടമാണ്. ക്രിസ്തു  നമ്മുടെ വിശ്വാസത്തിന്റെ മാതൃക മാത്രമല്ല, വിശ്വാസത്തിന്റെ വിഷയവുമാണ്. താൻ ആശ്വാസം പ്രാപിച്ചതുപോലെ നാം ആശ്വാസം പ്രാപിക്കണം എന്നല്ല ക്രിസ്തുവിന്റെ സന്ദേശം. തന്നിലുള്ള വിശ്വാസത്താൽ നാം ആശ്വാസവും പാപമോചനവും പ്രാപിക്കണമെന്നാണ് അത് അനുശാസിക്കുന്നത്. ആത്മാവിനെ തൃപ്തിപ്പെടുത്തുന്നതിന് ആത്മാവിന്റെ സൃഷ്ടാവും പരിപാലകനുമായ ദൈവത്തിന് മാത്രമേ കഴിയൂ. ഈ സ്ഥാനമാണ് ക്രിസ്തു തന്റേതായി അവകാശപ്പെടുന്നത്.

എന്റെ അടുക്കൽ വരുവിൻ – എങ്ങനെയാണ് ഇന്ന് ക്രിസ്തുവിന്റെ അരികിൽ ചെല്ലുന്നത്?. വിശ്വാസത്താൽ തന്നിൽ വിശ്വസിക്കുന്നവരാണ് തന്റെ അടുക്കൽ ചെല്ലുന്നത്. അവർക്ക് ഇന്നും ഉദ്ധാരണമുണ്ട്. വിടുതലുണ്ട്. വിമോചനമുണ്ട്. അദ്ധ്വനിക്കുന്നവരും ഭാരം ചുമക്കുന്നവരും അസംഖ്യമായാലും അവരെ ഒന്നാകെ ആശ്വസിപ്പിക്കുവാനുള്ള അവിടുത്തെ അപാരമായ കഴിവുകൾ ഭേദമില്ലാതെ ഇന്നും സ്ഥിതിചെയ്യുന്നു, നിങ്ങൾ അവങ്കലേക്ക് അടുത്ത് ചെല്ലുക.

# 3

# ജീവന്റെ അപ്പം

**ഞാൻ ജീവന്റെ അപ്പം ആകുന്നു.**

**എന്റെ അടുക്കൽ വരുന്നവന് വിശക്കയില്ല.**

യോഹന്നാൻ 6:35

യേശുക്രിസ്തു ആരാണെന്നുള്ളത് സ്വന്ത വാക്കുകളിൽ തന്നെ വേണ്ടുവോളം വ്യക്തമാക്കിയിട്ടുണ്ട്. തന്റെ ആളത്വം, ശുശ്രൂഷ ഇവയ്ക്ക് താൻ തന്നെ ആലങ്കാരിക വിവരണങ്ങൾ കൊടുത്തിരിക്കുന്നത് കുറിക്കൊള്ളേണ്ട ഒരു വസ്തുതയാണ്. ഇതര മതസ്ഥാപകർ തത്വങ്ങളേയും ഉപദേശങ്ങളുമാണ് പറഞ്ഞിരിക്കുന്നത്, ക്രിസ്തുവാകട്ടെ തന്റെ ഉപദേശത്തിന്റെ കേന്ദ്രമാക്കി സ്വന്ത വ്യക്തിത്വത്തെയാണ് പ്രതിഷ്ഠിക്കുന്നത്. ഒരു മഹാൻ വിനയശീലനാണെന്നു തെളിയിക്കുന്നത് സ്വന്ത മഹാത്മ്യത്തെക്കുറിച്ച് ഒന്നും തന്നെ പറയാതിരിക്കുന്നതിനാലാണ്. എന്നാൽ തന്നെക്കുറിച്ച് തന്നെ വളരെക്കാര്യങ്ങൾ പറയുകയും, തന്റെ ഉപദേശത്തിന്റെ മേന്മ സ്വന്ത ആളത്വത്തിന്റെ നിസ്തുല്യതയിൽ അധിഷ്ഠിതമാണെന്ന് തർക്കരഹിതമായി യേശു തെളിയിക്കുകയും ചെയ്യുന്നു. ഇതര മതങ്ങൾ തൽസ്ഥാപകരുടെ ഉപദേശങ്ങളിന്മേലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നതെങ്കിൽ ക്രിസ്തുമതം ക്രിസ്തുവിന്റെ ആളത്വത്തിന്മേലാണ് നിലകൊള്ളുന്നത്. വേറൊരു വിധത്തിൽ പറഞ്ഞാൽ ക്രിസ്തുവാണ് ക്രിസ്തുമതം. താൻ ആരാണെന്നുള്ള വസ്തുതയാണ് താൻ എന്തു പറഞ്ഞു എന്നതിനെ വിശേഷിപ്പിക്കുന്നത്.

ഞാൻ ജീവന്റെ അപ്പം ആകുന്നു - അഞ്ചപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരിത്തിലധികം ആളുകളെ യേശു ഒരിക്കൽ തൃപ്തരാക്കുകയുണ്ടായി. തുടർന്നുള്ള പ്രസംഗത്തിലെ ഒരു വാചകമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. ഞാൻ നിങ്ങൾക്ക് അപ്പം തന്നു എന്നുമാത്രമല്ല, ഞാൻ തന്നെ അപ്പം ആണ് എന്ന് ക്രിസ്തു അവരെ പ്രബോധിപ്പിക്കുകയാണ്. ശാരീരിക വിശപ്പടക്കുവാൻ ധാന്യം കൊണ്ടുള്ള അപ്പം പോലെയാണ്, ആത്മീക വിശപ്പടക്കുവാൻ യേശുക്രിസ്തു ആവശ്യമായിരിക്കുന്നത്. അപ്പം എന്നുമാത്രമല്ല ജീവന്റെ അപ്പമാണ് ക്രിസ്തു. മരണം വാണരുളുന്ന ഈ ഭൂമിയിൽ ജീവിപ്പിക്കുന്നതും ജീവൻ നിലനിർത്തുന്നതുമായ അപ്പമായി യേശുക്രിസ്തു വന്നു. ശാരീരിക വിശപ്പടക്കുവാൻ നാം കൂടെക്കൂടെ ആഹാരം കഴിക്കണം. നാം ഒരിക്കൽ കഴിക്കുന്ന ആഹാരത്തിന്റെ ഗുണവും ബലവും ഏതാനും മണിക്കൂറുകൾ മാത്രമേ നിലനിൽക്കുകയുള്ളൂ. എന്നാൽ യേശുക്രിസ്തുവാകുന്ന അപ്പത്തെ ഭക്ഷിക്കുന്ന ഒരുവന് നിത്യജീവനാണ് ലഭിക്കുക. ഭക്ഷിക്കുക എന്നു പറഞ്ഞിരിക്കുന്നത് വിശ്വസിക്കുന്നതിന് തുല്യമായിട്ടാണ്. - ഞാൻ ജീവന്റെ അപ്പം ആകുന്നു, എന്റെ അടുക്കൽ വരുന്നവന് വിശക്കയില്ല, എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയുമില്ല. ആത്മീകമായി വിശക്കാതിരിക്കാനും, ദാഹിക്കാതിരിക്കാനും നാം ചെയ്യേണ്ടത് വിശ്വസിക്ക എന്നതാണ്.

ഈ ലോകത്തിലെ ഏത് ആഹാരത്തിനും നിലവിലുള്ള ജീവനെ പുലർത്താനല്ലാതെ ജീവൻ ഉത്പാദിപ്പിക്കാൻ ശക്തിയില്ല. എന്നാൽ യേശു ജീവൻ നൽകുന്ന അപ്പമായി നിലകൊള്ളുകയാണ്. ജീവനുണ്ടെങ്കിൽ പുലർത്തുകയും, വളർത്തുകയും ചെയ്യാമെന്നല്ല. പാപശിക്ഷയായ നിത്യമരണത്തിനു വിധേയനായ പാപിക്കു ദൈവജീവൻ ദാനമായി നൽകി ആ ജീവനിൽ അവനെ സന്ധിക്കുവാനുള്ള സകല കഴിവുകളോടും കൂടെയാണ് യേശുക്രിസ്തു ഈ അവകാശം ഉന്നയിക്കുന്നത്.

TETELESTAI PUBLICATIONS

ജീവൻ കൊടുക്കുന്നത് ദൈവത്തിന് മാത്രമുള്ള കഴിവാണ്, അവകാശമാണ്. ക്രിസ്തു ജീവദാതാവാണ് എന്നവകാശപ്പെടുന്നത് തന്റെ ദൈവത്വത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് നാം ഓർക്കണം. ഞാൻ ജീവന്റെ അപ്പം ആകുന്നു. ഉപദേശത്തിന്റെ അപ്പം എന്നോ, കർമ്മാനുഷ്ഠാനത്തിന്റെ അപ്പം എന്നോ അവിടുന്ന് പറയുന്നില്ല. മതത്തിന്റെ അപ്പമാണെന്നും പറയുന്നില്ല, ജീവന്റെ അപ്പമാണ്. ക്രിസ്തുമാർഗ്ഗം ജീവിപ്പിക്കുന്നതും, ജീവിക്കാൻ സഹായിക്കുന്നതുമായ ഒരു മാർഗ്ഗമാണ്. പേരുകൊണ്ട് ഒരു ക്രിസ്ത്യാനിയാകുന്നത് ഒരു വലിയ കാര്യമല്ല. ജീവൻ കൊണ്ടും, ജീവിതം കൊണ്ടും ഒരു ക്രിസ്ത്യാനിയാകുന്നതാണ് സർവ്വപ്രധാനം. ഒരുവൻ ക്രസ്തുവിൽ വിശ്വസിക്കുമ്പോൾ ഈ ജീവൻ ലഭിക്കുന്നു. ആത്മാവിനെ രക്ഷിക്കുന്ന ഒരു ജീവൻ മാത്രമല്ല, ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ഒരു ജീവൻ കൂടിയാണ്.

അപ്പം ഭക്ഷിക്കാനുള്ളതാണ്, അത് കാഴ്ചക്കുള്ളതോ അഭിപ്രായ പ്രകടനത്തിനുള്ളതോ അല്ല. അതിന്റെ രുചിയും, ഗുണവും അനുഭവപ്പെടണമെന്നുണ്ടെങ്കിൽ അത് ഭക്ഷിക്കുകതന്നെ വേണം. വിശപ്പുമാറണമെങ്കിൽ ഭക്ഷിച്ചേ തീരൂ. എന്റെ വായനക്കാരിൽ ചിലർ ക്രിസ്തുവിനെക്കുറിച്ച് നല്ല അഭിപ്രായം പറയുന്നവരും ക്രിസ്തുവനെ ബഹുമാനിക്കുന്നവരും ആയിരിക്കാം. എങ്കിലും നിങ്ങൾ ക്രസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നില്ലെങ്കിൽ, ജീവന്റെ അപ്പമായ തന്നെ ഭക്ഷിക്കുന്നില്ലെങ്കിൽ ജീവൻ ലഭിക്കയില്ലെന്നോർക്കണം. ജീവനുള്ള സാധനങ്ങൾ മരിച്ചതിന്റെ ഫലമാണ് നമുക്ക് അപ്പം ലഭിക്കുവാൻ ഇടയാകുന്നത്. ചെടിയിൽ ജീവനുണ്ട് അതിനാൽ ധാന്യം വിളയുന്നു. ആ ധാന്യം ഉണക്കുകയും, പൊടിക്കുകയും, വേവിക്കുകയും ചെയ്തിട്ടാണ് അപ്പം ഉണ്ടാക്കുന്നത്. അപ്പത്തിൽ ജീവന്റെ കണികപോലും ഇല്ല, ആ അവസ്ഥയിലാണ് നാം അത് ഭക്ഷിക്കുന്നത്. നമ്മുടെ ശാരീരിക വിശപ്പടക്കാനുള്ള അപ്പമെല്ലാം ചത്ത അപ്പമാണ്, എന്നാൽ നമ്മുടെ ആത്മാവിന്റെ ആഹാരമായ ക്രിസ്തുവോ ജീവനുള്ള അപ്പമാണ്. താൻ പറയുന്നത് കേൾക്കുക. “സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു”. സ്വർഗ്ഗത്തിൽ നിന്നും വന്ന് ഭൂമിയിൽ ജീവിച്ച വേറെ ആരേയും ലോകം കണ്ടിട്ടില്ല. ക്രിസ്തു നൽകുന്ന ജീവൻ സ്വർഗ്ഗീയ ജീവൻ ആണ്. ഈ ഭൂമിയിൽ കാണുന്ന ജീവനെല്ലാം അവസാനമുണ്ട്. യേശുക്രിസ്തു ആകട്ടെ നിത്യജീവനാണ് ദാനം ചെയ്യുന്നത്. ലോകവ്യാപകമായ നിലയിൽ സകല ജാതികളും ഭക്ഷിച്ച് നിത്യജീവൻ പ്രാപിക്കുന്നതിനാണ് ക്രിസ്തു ലോകത്തിൽ വന്നത്.

നമ്മുടെ ഭക്ഷണത്തിന് നമ്മോട് അഭേദ്യമായ ബന്ധമുണ്ട്. ഒരിക്കൽ ഭക്ഷിച്ച ആഹാരം എന്നേക്കുമായി നമ്മുടെ ഒരു ഭാഗമായി തീർന്നിരിക്കുന്നു. ക്രിസ്തുവിനെ ഭക്ഷിക്കുന്നതിനാൽ സാധിക്കുന്നതും ഇതുതന്നെയാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവൻ ക്രിസ്തുവിനോട് എന്നേക്കുമായി യോജിക്കുന്നു. നാം കഴിക്കുന്ന ആഹാരത്തിന്റെ പോഷകാംശങ്ങൾ നമ്മിൽ വ്യാപരിക്കുകയും തൽഫലമായി നമ്മുടെ ശരീരത്തിന് വളർച്ചയും, ഓജസ്സും, ബലവും ലഭിക്കുകയും ചെയ്യുന്നതുപോലെ, ക്രിസ്തുവിനെ ഭക്ഷിക്കുന്നതിനാൽ തന്നിലടങ്ങിയിരിക്കുന്ന ജീവപ്രദായകമായ ശക്തി നമ്മിൽ വ്യാപരിക്കുവാൻ ഇടവരുന്നു. ആത്മസമാധാനത്തിന്റേയും ശാന്തിയുടേയും ഗുണങ്ങൾ നമുക്കനുഭവപ്പെടുന്നു. വിശ്വാസത്തിന്റേയും, സ്നേഹത്തിന്റേയും പ്രത്യാശയുടേയും പോഷണം നമ്മുടെ വകയായി തീരുന്നു.

വായനക്കാരാ, ഭൗതീകമായ ഒന്നിനും തൃപ്തിവരുത്തുവാൻ കഴിയാത്ത ഒരു വിശപ്പ് നിങ്ങൾക്കുണ്ട്. അത് നിങ്ങളുടെ ആത്മവിശപ്പാണ്. പാപമോചനത്തിനായുള്ള വിശപ്പും ദാഹവുമാണ്. ഇതിന്റെ പരിഹാരമാണ് ക്രിസ്തു ചൂണ്ടികാണിക്കുന്നത്. നിങ്ങൾ ജീവന്റെ അപ്പമായ ക്രിസ്തുവിനെ ഭക്ഷിച്ച് ജീവൻ പ്രാപിച്ചിട്ടുണ്ടോ. ഈ പരുഷനെ നിങ്ങൾ ഒന്ന് ശ്രദ്ധിച്ച് നോക്കുക. മനുഷ്യാത്മാക്കളിൽ വ്യാപരിക്കുവാൻ, ആത്മാവിന്റെ പ്രതീക്ഷകളെ നിറവേറ്റുവാൻ, ആത്മാവിന്റെ ആവശ്യങ്ങളെ പരിഹരിക്കുവാൻ കഴിയുമെന്ന് ഉത്ഘോഷിച്ചുകൊണ്ട് മാനവരക്ഷകനായി യേശുക്രിസ്തു ഇതാ ഇന്നും ജീവിക്കുന്നു. ജീവൻ നൽകുവാനും, ജീവൻ പുലർത്തുവാനും തനിക്ക് കഴിയും. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. ഈ വചനം വിശ്വസിക്കുമെങ്കിൽ നിങ്ങൾക്ക് നിത്യജീവൻ, രക്ഷ ലഭിക്കും. അതാണ് ക്രിസ്തുവിനെ ഭക്ഷിക്ക എന്നുപറയുന്നതിന്റെ സാരം.

TETELESTAI PUBLICATIONS

# 4

# ലോകത്തിന്റെ വെളിച്ചം

**ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു.**
**എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും.**

യോഹന്നാൻ 8:12

മുൻ പ്രസ്താവിച്ചതുപോലെ ക്രിസ്തുവിന്റെ അവകാശവാദങ്ങളുടെ അടിസ്ഥാനം തന്റെ അനുപമമായ ആളത്വമാണ്. തനിക്കെന്തുണ്ടെന്ന് പറയുകയല്ല, താനാരാണെന്ന് പറയുകയാണ് ക്രിസ്തു ചെയ്യുന്നത്. ഞാൻ ലോകത്തിന്റെ വെളിച്ചമാണെന്ന് പറയുന്നതിനാൽ ഈ ലോകം അന്ധകാരാവൃതമാണെന്നും അതിനാവശ്യമായ വെളിച്ചം താൻ തന്നെയാണെന്നുമാണ് ക്രിസ്തു അരുളിച്ചെയ്യുന്നത്. പാപാന്ധകാരം മൂടിയിരിക്കുന്ന ഈ ലോകത്തെ നോക്കി ആത്മജ്ഞാനം നേടിയ ഒരു യോഗിവര്യൻ പറയുന്ന വാക്കുകളല്ല അത്. ഞാൻ വെളിച്ചമാണ് എന്ന് പറയുമ്പോൾ, വേദോപനിഷ്ഠകളാലും കർക്കശമായ ജീവിതചര്യകളാലും ഐഹികസുഖങ്ങളെ വെടിഞ്ഞ് അദ്ധ്യാത്മീക കാര്യങ്ങളിൽ മാത്രം നിരതനായിരുന്നതിന്റെ ഫലമായി അന്തരാത്മാവിൽ ഉദിച്ച ഒരു വെളിച്ചത്തെക്കുറിച്ചല്ല യേശു പറയുന്നത്. സ്വന്ത വ്യക്തിത്വത്തിന്റെ ഒരവിഭാജ്യ ഘടകമെന്നോണം ക്രിസ്തു തന്റെ വെളിച്ചത്തെ ഉയിർത്തിക്കാണിക്കുന്നു. വെളിച്ചം ഇല്ലാതിരുന്ന ഒരു കാലയളവും, വെളിച്ചം ലഭിച്ചതിനുശേഷമുള്ള ഒരു കാലയളവും എന്നൊരു വ്യത്യാസം ക്രിസ്തുവിന്റെ ജീവിതത്തിലില്ല. ഏതു ഭക്തനും തന്റെ ജീവിതത്തിലെ ഒരു പരിവർത്തനഘട്ടത്തെക്കുറിച്ച പറയുവാനുണ്ടാവും. ശ്രീബുദ്ധന് ആത്മജ്ഞാനമുദിച്ച ഒരു പ്രത്യേക ഘട്ടത്തെക്കുറിച്ച് നമുക്കറിയാം. എന്നാൽ യേശുക്രിസ്തുവിന്റെ ചരിത്രത്തിൽ ഇങ്ങനെ ജീവിതത്തിന് പരിവർത്തനമുണ്ടാക്കിയ ഒരു ഘട്ടം കാണുന്നില്ല. കഴിഞ്ഞകാല ജീവിതത്തെക്കുറിച്ചുള്ള ആഴമേറിയ കുറ്റബോധത്തോടെ ദൈവത്തിങ്കലേക്ക് തിരിഞ്ഞ വിധിനിർണ്ണായകമായ ഒരു മണിക്കൂർ ആ ജീവിതത്തിലില്ല. ഇതിന്റെ രഹസ്യമെന്താണ്?.

ക്രിസ്തു, മനുഷ്യാവതാരമെടുത്ത പാപരഹിതനായ ദൈവപുത്രനാണ്. ഒരു മാനസാന്തരം തനിക്കാവശ്യമില്ലാതിരുന്നതിന്റെ കാരണം അതാണ്. ക്രിസ്തുവിൽ ദൈവത്വവും, മനുഷ്യത്വവും എന്ന രണ്ട് സ്വഭാവങ്ങൾ അടങ്ങിയിരിക്കുന്നു. താൻ അനാദിയായ ദൈവമാണ്. എന്നാൽ അതിന് യാതൊരു ഭേദവും വരുത്താതെ മനുഷ്യരക്ഷക്കു വേണ്ടി താൻ മനുഷ്യത്വവും സ്വീകരിച്ചു. അതാണ് യേശുവിന്റെ മനുഷ്യാവതാര മർമ്മം. അവിടുത്തെ ആളത്വത്തിന്റെ കേന്ദ്രം മനുഷ്യത്വമല്ല, ദൈവത്വമാണ്. അതാണ് പാപബോധമോ, മാനസാന്തരമോ, വിശുദ്ധ ജീവിതത്തിനായുള്ള വിശേഷാൽ തീരുമാനമോ ആ ജീവിതത്തിൽ കാണാത്തത്.

ഭൗതീകമായി പറഞ്ഞാൽ ലോകത്തിന്റെ വെളിച്ചമായി ഒന്നേയുള്ളൂ, അതാണ് സൂര്യൻ. ആത്മീകമായും ഒരു പ്രകാശകേന്ദ്രമേയുള്ളൂ- ക്രിസ്തു. പാപം ഇരുട്ടിന് തുല്യമാണ്. വെളിച്ചമില്ലാത്ത അവസ്ഥയാണ് ഇരുട്ട്. വസ്തുക്കളെ നമ്മുടെ ദൃഷ്ടിയിൽനിന്ന് മറയ്ക്കുന്നതിന് അന്ധകാരത്തിന് കഴിയും. പകലും രാത്രിയും തമ്മിലുള്ള വ്യത്യാസം പ്രധാനമായും നമ്മുടെ കാഴ്ചയെ ബന്ധിക്കുന്നതാണെന്ന് അനുഭവത്തിൽ നമുക്കറിയാം. പാപം ആത്മീകമായ അനവധി കാര്യങ്ങളെ നാം കാണാതവണ്ണം മൂടികളഞ്ഞു. അത് ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മറശീല തൂക്കി.

ആദാമിന്റെ ലംഘനം എല്ലാവരും പാപികളായിതീരുന്നതിന് മുഖാന്തരമായി. ഇന്ന് മനുഷ്യൻ ജനിക്കുന്നത് തന്നെ പാപിയായിട്ടാണ്. പാപത്തിന്റെ ഫലമായി ആത്മീകവും, മാനസീകവും, സാംസ്കാരികവും, സാമൂഹ്യവുമായ ഇരുട്ട് മനുഷ്യരാശിയെ മൂടിയിരിക്കുകയാണ്. ഈ തുറകളിലെല്ലാം മനുഷ്യൻ പുരോഗമിച്ചിട്ടില്ലേ എന്ന് ചോദിച്ചേക്കാം. പുരോഗമിച്ചിട്ടുണ്ട്, പക്ഷേ ദൈവാഭിമുഖമായ ഒരു പുരോഗമനമല്ല എന്നൊരു വ്യത്യാസമുണ്ട്. മനുഷ്യൻ പുരോഗമിച്ചു എന്നാൽ ആത്മീകാന്ധകാരത്തിലുള്ള ഒരു പുരോഗമനമായിരുന്നു അത്. ദൈവത്തിൽനിന്ന് മനുഷ്യനെ അകറ്റിയിരിക്കുന്ന അഥവാ മറച്ചിരിക്കുന്ന ഇരുട്ട് ദൂരീകരിക്കുവാൻ മനുഷ്യന്റെ ഉയർച്ചയ്ക്കോ പുരോഗതിയ്ക്കോ ശാസ്ത്രീയ വളർച്ചക്കോ കഴിഞ്ഞിട്ടില്ല എന്നു സാരം. ഈ അന്ധകാരത്തിൽ വെളിച്ചം കാട്ടുവാൻ ദൈവത്തിന് മാത്രമേ കഴിയൂ. അങ്ങനെ ലോകത്തിന് ലഭിച്ച വെളിച്ചമാണ് യേശുക്രിസ്തു.

ക്രിസ്തുവിൽനിന്ന് വീശുന്ന പ്രഭാപൂരം ആദ്യമായി നമ്മെ കാണിക്കുന്നത് നമുക്ക് സ്വതവേ വെളിച്ചം ഇല്ലെന്നാണ്. താൻ ഇരുട്ടിലാണെന്നറിഞ്ഞെങ്കിലേ വെളിച്ചം ആവശ്യമാണെന്ന് ഒരുവന് തോന്നുകയുള്ളൂ. വിശുദ്ധനാകുന്നതിന്റെ ആദ്യത്തെ പടി പാപിയാണെന്ന് സമ്മതിക്കുകയാണ്. രക്ഷയുടെ സന്തോഷത്തിന് മുമ്പെ ശിക്ഷയുടെ ഭയങ്കരത കാണേണ്ടിയിരിക്കുന്നു. ജീവന്റെ വെളിച്ചം ലഭിക്കുന്നതിന്റെ പ്രാരംഭമായി മരണത്തിന്റെ ഇരുട്ടിൽ നാം അകപ്പെട്ടിരിക്കുകയാണെന്ന് നാം അറിയണം. അനുഗമിക്കേണ്ട ഒരു വെളിച്ചമാണ് ക്രിസ്തു. അതായത് അനുഭവത്തിൽ വെളിപ്പെടുത്തേണ്ട ഒരു വെളിച്ചം. തന്റെ കല്പനകൾക്കനുസരണമായി നാം നടക്കുമ്പോൾ നമ്മുടെ ജീവിതത്തിലെ ഇരുളടഞ്ഞ ഭാഗങ്ങളിൽ അവിടുത്തെ വെളിച്ചം എത്ര അത്ഭുതകരമായി പതിയുമെന്ന് അനുഭവത്തിൽ അറിയുക. നാം ജന്മനാ അന്ധകാരത്തിലാണ്. നമ്മുടെ മതഭക്തിയോ, വിദ്യാഭ്യാസമോ, സ്വഭാവസംസ്കരണമോ, കർമ്മനുഷ്ഠാനങ്ങളോ ഈ അന്ധകാരത്തിന് തെല്ലുപോലും മാറ്റം വരുത്തിയിട്ടില്ല. ഹേ, വായനക്കാരാ, നിങ്ങൾ ഒരു വലിയ പാപിയായതുകൊണ്ട് നിങ്ങളെ രക്ഷിക്കാൻ യേശുക്രിസ്തുവിന് കഴികയില്ലാ എന്ന് നിങ്ങൾ സംശയിക്കുന്നുണ്ടായിരിക്കാം. അശേഷം സംശയിക്കേണ്ട. അനേക വർഷങ്ങളായി ഇരുൾ നിറഞ്ഞിരിക്കുന്ന ഒരു മുറിയെ പ്രകാശിപ്പിക്കുവാൻ വെളിച്ചത്തിന് ഒരു സെക്കന്റ് മതി എന്നോർക്കുക. വെളിച്ചം വേഗതയേറിയതാകയാൽ നിങ്ങളുടെ ഇരുളടഞ്ഞ ഹൃദയത്തെ പ്രകാശിപ്പിക്കുവാൻ യേശുക്രിസ്തുവിന് ഒരു ഞൊടിയിട മതി.

എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവർ ആകും. വെളിച്ചം എന്നുമാത്രമല്ല, ജീവന്റെ വെളിച്ചമാണ് ക്രിസ്തുവിൽനിന്ന് ലഭിക്കുന്നത്. ജീവനേക്കാൾ പ്രാധാന്യമർഹിക്കുന്ന ഒന്ന് നമുക്കില്ല. ജീവനില്ലെങ്കിൽ പിന്നെ ഉണ്ടെന്നുപറയുവാൻ ഒന്നുമില്ലല്ലോ. ഇതുപോലെ നിത്യജീവനില്ലെങ്കിൽ ആത്മീയമായി എന്തെങ്കിലും ഉണ്ടെന്നുപറയാനും സാദ്ധ്യമല്ല. ഈ വെളിച്ചം ആത്മരക്ഷയെ മാത്രം ഉദ്ദേശിച്ചുള്ളതല്ല. ആത്മീകവും ധാർമ്മീകവുമായി മനുഷ്യരാശിക്കാവശ്യമായ വെളിച്ചം മുഴുവൻ ക്രിസ്തുവിലുണ്ട്. ന്യായവിധിയുടെ അന്ധകാരവും അശുദ്ധിയുടെ കൂരിരുട്ടും പാടെ വിപാടനം ചെയ്യുന്ന നിത്യവെളിച്ചമാണ് യേശുക്രിസ്തു. വെളിച്ചമായ ഈ ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് ഏറ്റവും പുറത്തുള്ള ഇരുട്ടിൽ പോകേണ്ടിവരികയില്ല. ക്രിസ്തു ശിഷ്യന്മാരെ വെളിച്ചത്തിന്റെ മക്കൾ എന്നാണ് വിളിച്ചിരിക്കുന്നത്. ക്രിസ്തു വെളിച്ചമാണെങ്കിൽ തന്നോട് ബന്ധമില്ലാത്ത ഏത് മനുഷ്യനും ഇരുട്ടിലാണ്. തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുത്താൻ കഴിയാത്ത, കൂട്ടിയിണക്കാൻ കഴിയാത്ത രണ്ട് ഘടകങ്ങളാണ് വെളിച്ചവും, ഇരുട്ടും. എന്റെ പ്രിയ വായനക്കാർ ഒന്നുകിൽ ഇരുട്ടിലാണ്, അല്ലെങ്കിൽ വെളിച്ചത്തിലാണ്. ഒരേസമയം രണ്ടിടത്തും കൂടി ആയിരിക്കാൻ കഴിയുകയില്ല. നിങ്ങളുടെ അനുഭവം എങ്ങനെയായിരിക്കുന്നു എന്ന് പരിശോധിച്ച് നോക്കുക. കേവലം ആത്മാർത്ഥത മാത്രം പോരാ. യഥാർത്ഥമായതിനെ ആത്മാർത്ഥമായി പിൻതുടരണം. നിങ്ങളുടെ പാപാന്ധകാരത്തിൽ നിന്ന് നിങ്ങളെ ഉദ്ധരിച്ച് ജീവന്റെ വെളിച്ചത്തിൽ ആക്കുന്നതിനാണ് വെളിച്ചമായ ക്രിസ്തു ക്രൂശിൽ മരിച്ചത്. ആകയാൽ സുവിശേഷത്തിന്റെ ഈ ദിവ്യസന്ദേശം ഇന്നുതന്നെ സ്വീകരിക്കുക. നിങ്ങളുടെ ഇരുണ്ടപ്രശ്നപരിഹാരത്തിനാവശ്യമായ മുഴുവൻ വെളിച്ചവും യേശുക്രിസ്തുവിലുണ്ട്. യുദ്ധഭീതിയുടേയും, കുറ്റകൃത്യങ്ങളുടേയും, അരാജകത്വത്തിന്റേയും, പാപമാലിന്യത്തിന്റേയും കരിനിഴലിൽ അമർന്നിരിക്കുന്ന ഈ ലോകത്തിൽ നമുക്കാവശ്യമായ വെളിച്ചം ക്രിസ്തുവിലല്ലാതെ വേറെ എവിടെയുണ്ട്. വേറെ ആരിലുണ്ട്.

TETELESTAI PUBLICATIONS

# 5

# വാതിലാകുന്ന ക്രിസ്തു

**ഞാൻ വാതിലാകുന്നു, എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും, അവൻ അകത്തുവരികയും പുറത്തുപോകുകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യും.**

യോഹന്നാൻ 10.9

ഞാൻ ഒരു വാതിലാകുന്നു എന്നോ, ഞാനും ഒരു വാതിലാണ് എന്നോ അല്ല ക്രിസ്തു ഇവിടെ പറയുന്നത്. താൻ മാത്രമാണ് വാതിൽ എന്ന അർത്ഥത്തിലാണ് ഈ പ്രഖ്യാപനം. ഏത് നിലയിൽ പറഞ്ഞാലും ക്രിസ്തു നിസ്തുല്യനാണ്. അവിടുന്ന് രക്ഷകനാണെന്ന് മാത്രമല്ല, ഏക രക്ഷകനാണ്. ദൈവപുത്രനെന്നുതന്നെയല്ല ഏകജാതനായ പുത്രനാണ്, നിരുപമേയനാണ്. ക്രിസ്തു ഏകരക്ഷകനല്ലെങ്കിൽ രക്ഷകനേ അല്ല. ഏകവാതിൽ അല്ലെങ്കിൽ വാതിലേ അല്ല. യേശുക്രിസ്തു ചിലതൊക്കെയാണെന്ന് സമ്മതിച്ചാൽ മാത്രം പോരാ, ആത്മാവിന്റെ വീണ്ടെടുപ്പുകാരനായി സ്വീകരിക്കണം. വിശ്വോത്തര ത്യാഗിവര്യൻ എന്ന നിലയിൽ ആദരിച്ചതുകൊണ്ടായില്ല, കർത്താവും ദൈവവുമായി കൈക്കൊള്ളണം.

യേശുക്രിസ്തു രക്ഷയുടെ വാതിലാണ്, എന്നിലൂടെ കടക്കുന്നവൻ രക്ഷിക്കപ്പെടും. പുണ്യപ്രവൃത്തികളെന്ന വാതിൽ വഴി സ്വർഗ്ഗത്തിലെത്താൻ പരിശ്രമിക്കുന്ന ക്രൈസ്തവരും അക്രൈസ്തവരുമായ എത്രയോ കോടിയാളുകൾ ഇന്ന് ഭൂമിയിലുണ്ട്. ക്രിസ്തുവിൽ കൂടെ മാത്രം സാധിക്കേണ്ട കാര്യം മറ്റ്വിധത്തിൽ സാധിക്കാൻ ശ്രമിക്കുന്നത് ക്രിസ്തുവിന്റെ മഹത്വത്തിന് കളങ്കം ചേർക്കുന്നതാണ്. ക്രിസ്തുവിന് പകരം പുണ്യപ്രവൃത്തികളോ, പുണ്യപുരുഷന്മാരോ മതിയാവുകയില്ല. ഒരുവന് ആത്മരക്ഷ വേണമെങ്കിൽ താൻ വഴിയാണ് അത് സാധിക്കേണ്ടത് എന്ന് പറയുന്നത് അത്യന്തം ഗൗരവതരമായ ഒരു പ്രസ്താവനയാണ്. ഒരു വ്യക്തിയുടെ ആത്മരക്ഷക്ക്, അയാളുടെ നിത്യസൗഭാഗ്യത്തിന് ഞാൻ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണെന്ന് നമ്മിൽ ആർക്കെങ്കിലും പറയാൻ കഴിയുമോ. അങ്ങനെ പറയാൻ നമ്മുടെ മര്യാദയും നിസ്സാരതയും നമ്മെ അനുവദിക്കുന്നില്ല. ഏതൊരു കാര്യമാണോ നമുക്കസാദ്ധ്യമായി തോന്നുന്നത് അക്കാര്യം സധൈര്യം അവകാശപ്പെടാൻ ക്രിസ്തു മടിക്കുന്നില്ല. താൻ ഒരു സാധാരണ മനുഷ്യനായിരുന്നെങ്കിൽ ഇപ്രകാരം പറയുകയില്ലായിരുന്നു.

എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും. ഒരു വാതിലിന് രണ്ട് വശങ്ങൾ ഉണ്ട്. ഉൾവശവും, പുറക്വശവും. അകത്ത് കടക്കാത്തകാലത്തോളം പുറത്താണ്. വാതിലിനോട് അടുത്തിരുന്നാലും, വാതിലിന്മേൽ ചാരിയിരുന്നാലും അകത്ത് കടക്കാത്തകാലത്തോളം പുറത്താണ്. വിലയേറിയ സാധനസാമഗ്രികൾ നിറഞ്ഞിരിക്കുന്ന ഒരു മുറിയിലേക്ക് നാം പ്രവേശിക്കുന്നത് ഒരു വാതിൽ വഴിയാണ്. ഇതുപോലെ രക്ഷയാകുന്ന മണിമന്ദിരത്തിലേക്ക് ദൈവം നമ്മെ പ്രവേശിപ്പിക്കുന്നത് യേശുക്രിസ്തുവാകുന്ന വാതിൽ വഴിയാണ്.

വാതിലിലൂടെ കടക്കുവാൻ അല്പസമയം മതി. അത് ക്രമേണ സാധിക്കുന്ന ഒന്നല്ല, ക്ഷണത്തിൽ സാധിക്കുന്നതാണ്. ഇങ്ങനെതന്നെയാണ് യേശുക്രിസ്തുവിലെ വിശ്വാസത്താൽ രക്ഷിക്കപ്പെടുന്നതും. ക്രൂശിലെ കള്ളന് ക്ഷണനേരം കൊണ്ടാണ് മാറ്റം വന്നത്. ക്ഷണസാദ്ധ്യമായ ഒരു രക്ഷയാണ് ക്രിസ്തു ഉത്ഘോഷിക്കുന്നത്. രക്ഷിക്കപ്പെ

TETELESTAI PUBLICATIONS

ടാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണെന്ന് ആയുസ്സുമുഴുവൻ പറയുന്നത്, ഒരു വാതിൽക്കൽ നിന്നുകൊണ്ട് മുറിയിലേക്ക് കടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് പറയുന്നതിന് തുല്യമാണ്. യേശുക്രിസ്തു വാതിലാണ്, ഇന്ന് ആ വാതിൽ തുറന്നതാണ്, എന്നാൽ ഒരിക്കൽ ആ വാതിൽ അടയും. അതിനുമുമ്പേ അകത്ത് പ്രവേശിക്കുക. വാതിലാകുന്ന ക്രിസ്തുവിൽ കൂടെ രക്ഷയിൽ ഉൾപ്രവേശിച്ചാൽ, രക്ഷിക്കപ്പെട്ടു എന്ന് പറയാനും മടിക്കേണ്ടതില്ല. അകത്ത് കടന്നില്ലെങ്കിൽ പുറത്താണെന്നതുപോലെ വ്യക്തമാണ് കടന്നാൽ അകത്താണെന്നുള്ളതും.

എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും എന്ന് കർത്താവ് പറയുമ്പോൾ കടക്കുന്നതിന് വേറൊരാളുടെ മാദ്ധ്യസ്ഥം ആവശ്യമില്ലെന്ന് ധ്വനിക്കുന്നു. ഒരു വാതിൽ കടക്കാൻ ആ വാതിൽ മാത്രമല്ലാതെ വേറൊരു വാതിലോ, ഒരു ജനലോ ആവശ്യമില്ലല്ലോ. യേശുക്രിസ്തു ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഏകമദ്ധ്യസ്ഥനാണ്. മദ്ധ്യസ്ഥനെ സമീപിക്കാൻ വേറെ മദ്ധ്യസ്ഥൻ ആവശ്യമില്ല. വാതിൽ വഴി അകത്ത് കടന്നയാൾ പലതും പുറംതള്ളിയാട്ടാണ് അങ്ങനെ ചെയ്യുന്നത്. ക്രിസ്തുവാകുന്ന വാതിൽ വഴി നാം ഉൾപ്രവേശിക്കുമ്പോൾ രക്ഷയ്ക്കായുള്ള പുണ്യപ്രവൃത്തികളേയും സ്വന്ത നീതിയിൽ ഉള്ള ആശ്രയത്തേയും ഉപേക്ഷിക്കണം.

അകത്ത് കടന്നവൻ രക്ഷപെട്ടു എന്ന് മാത്രമല്ല. അവൻ അകത്തുവരികയും പുറത്തുപോകുകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യും എന്നുകൂടി കർത്താവ് പറഞ്ഞു. ഒന്നാമത് സാധിക്കേണ്ടത് രക്ഷിക്കപ്പെടുകയാണ്. സ്നാനപ്പെടുകയോ, കുർബാനയിൽ സംബന്ധിക്കുകയോ, സത്യകർമ്മത്തിൽ പങ്കെടുക്കുകയോ ഒന്നുമല്ല. അതൊക്കെ രക്ഷിക്കപ്പെട്ടവർക്കുള്ളതാണ്. രക്ഷയുടെ മുഖാന്തരങ്ങളല്ല. വാതിലിലൂടെ കടന്ന് രക്ഷപെടുന്നവൻ വീണ്ടും അകത്ത് വരണം. എന്തിന്? ജീവൻ ലഭിക്കുവാനല്ല, പുലർത്തുവാൻ. കൂട്ടായ്മക്കും സംസർഗ്ഗത്തിനും. അതുപോലെ പുറത്ത് പോകുകയും ചെയ്യണം. എന്തിനായിട്ട്?. സാക്ഷ്യത്തിനായിട്ട്. ഈ വാതിലിനെക്കുറിച്ച് അറിയാതിരിക്കുന്നവരോട് പറയാൻ. ക്രിസ്തുയേശുവിൽ നമുക്കുള്ള സ്വാതന്ത്ര്യത്തേയും, സംതൃപ്തിയേയുമാണ് ഇത് കാണിക്കുന്നത്. പുറത്ത് പോകുമ്പോൾ മേച്ചിൽ കണ്ടെത്തുകയും ചെയ്യും. ഈ മേച്ചിൽ ദൈവവചനത്തെ സൂചിപ്പിക്കുന്നു. ക്രിസ്തു ആടുകളുടെ വാതിലും തന്നിൽ വിശ്വസിക്കുന്നവർ ആടുകളുമാണെന്ന അടിസ്ഥാനത്തിലാണ് ഈ അലങ്കാര വചനങ്ങൾ ക്രിസ്തു പറഞ്ഞിരിക്കുന്നത്. രക്ഷിക്കപ്പെട്ട ഒരുവൻ ദൈവവചനമാകുന്ന ആഹാരം കഴിച്ച് ബലപ്പെടുകയും വളരുകയും ചെയ്യണം. നമ്മുടെ അനുദിന ജീവിതത്തിൽ നമ്മെ പ്രോത്സാഹിപ്പിക്കാനും, ശക്തീകരിക്കാനും മതിയായ വാഗ്ദത്തങ്ങൾ ദൈവവചനമാകുന്ന ബൈബിളിലുണ്ട്. ഈ മേച്ചിൽപുറം കാണുമ്പോഴാണ് നമ്മുടെ ആത്മീയ അവകാശത്തിന്റെ വ്യാപ്തിയും സമ്പത്തിന്റെ വലിപ്പവും നമുക്ക് മനസ്സിലാകുന്നത്.

അനേക വർഷങ്ങൾ ഈ വാതിലിനോട് വളരെ അടുത്തിരിക്കുകയാണെങ്കിലും ഇതുവരേയും അകത്ത് കടന്നിട്ടില്ലാത്ത ചിലർ ഇത് വായിക്കുന്നുണ്ടാവാം. സ്നേഹിതരേ, നിങ്ങൾക്ക് ഒരു ക്രൈസ്തവ പേരും ചുറ്റുപാടുമുണ്ടായിരിക്കാം എങ്കിലും ഇതുവരേയും രക്ഷയുടെ അനുഭവത്തിൽ വന്നിട്ടില്ലെന്നുള്ളത് എത്രയോ ദുഃഖകരമാണ്, ആപൽകരമാണ്. ദൈവം തുറന്ന് വെച്ചിരിക്കുന്ന ഏക രക്ഷാമാർഗ്ഗമായ ക്രിസ്തുയേശുവിൽ വിശ്വസിച്ച് രക്ഷപെടുക. വാതിലിന് വെളിയിൽ അപകടവും, ഉള്ളിൽ ഭദ്രതയുമാണുള്ളത്. വാതിലിനുവെളിയിൽ നിത്യാന്ധകാരം, ഉള്ളിലോ രക്ഷയുടേയും, വിശുദ്ധിയുടേയും, ആനന്ദത്തിന്റേയും പ്രഭാപൂരം.

TETELESTAI PUBLICATIONS

# 6

# നല്ല ഇടയനാകുന്ന ക്രിസ്തു

**ഞാൻ നല്ല ഇടയൻ ആകുന്നു.**
**നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.**

യോഹന്നാൻ 10:11

ക്രിസ്തു ആടുകളുടെ വാതിൽ മാത്രമല്ല ഇടയനുമാണ്. ആടുകൾ എന്ന് ഇവിടെ പറയുന്നത് മനുഷ്യരെ ഉദ്ദേശിച്ചാണെന്ന് വ്യക്തമാണെല്ലോ. വഴിപിഴച്ച നേതൃത്വവും അനാത്മീകമായ ഭരണവും യെഹൂദപ്രമാണികളിലും, തെറ്റി ഉഴലുന്ന ആടുകളെപ്പോലുള്ള അനാഥത്വം സാമാന്യ ജനങ്ങളിലും ക്രിസ്തു ദർശിച്ചു. ജന്മനാ കുരുടനായിരുന്ന ഒരാളെ യേശുക്രിസ്തു സൗഖ്യമാക്കുകയും യെഹൂദപ്രമാണികൾ ആ മനുഷ്യനെ യെഹൂദ സംഘത്തിൽനിന്ന് പുറത്താക്കുകയും ചെയ്തു. ഇതിനെതുടർന്നാണ് താൻ ഇടയനാണെന്ന് ക്രിസ്തു പ്രഖ്യാപിക്കുന്നത്. ആത്മിക നേതൃത്വത്തിനുള്ള കഴിവും യോഗ്യതയും തനിക്ക് മാത്രമേയുള്ളു എന്നാണിതിന്റെ അർത്ഥം. സ്വന്ത വ്യക്തിത്വത്തിന്റെ മാഹാത്മ്യത്തിലാണ് ഇടയൻ എന്ന അവകാശത്തെ ക്രിസ്തു ഉറപ്പിക്കുന്നത്. ഞാനും പിതാവും ഒന്നാകുന്നു. (യോഹന്നാൻ10:30). ആദിയായ പ്രസ്താവനകളും ഈ അദ്ധ്യായത്തിലുണ്ട്. ഈ പ്രഖ്യാപനംകൊണ്ട് ക്രിസ്തുവിന് ദൈവത്വമുണ്ടെന്ന് അവകാശപ്പെട്ടതായിട്ടാണ് യെഹൂദന്മാർ മനസ്സിലാക്കിയത്. (യോഹന്നാൻ10:33) ദൈവപുത്രൻ എന്ന വാക്ക് ദൈവപ്രകൃതിക്ക് തുല്യമായ പ്രകൃതി ഉണ്ടെന്ന് കാണിക്കുവാനാണ് ക്രിസ്തുവിനെ ഉദ്ദേശിച്ച് പ്രയോഗിച്ചിരിക്കുന്നത്. അല്ലാതെ പ്രായക്കുറവിനേയോ, ആരംഭത്തേയോ, താഴ്ചയേയോ കാണിക്കുവാനല്ല. ഞാനും പിതാവും ഒന്നാകുന്നു എന്ന് പറഞ്ഞത് ബ്രഹ്മത്തിൽ ലയിച്ചിരിക്കുന്ന ഒരു വേദാന്തിയുടെ ആത്മസാക്ഷാൽക്കാര ഫലമായിട്ടല്ല, ത്രിത്വത്തിലെ ഒരു മൂർത്തിയായ പുത്രനായതുകൊണ്ടാണ്.

ക്രിസ്തു ഇടയനാണെന്ന് മാത്രമല്ല, ആടുകൾക്ക് വേണ്ടി ജീവിക്കുന്ന ഇടയനാണ്. ക്രിസ്തുവന്റെ ക്രൂശുമരണത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. മനുഷ്യർ പാപികളായതുകൊണ്ട് ക്രിസ്തുവിനെ ക്രൂശിൽ തറച്ചു എന്നുതന്നെയല്ല മനുഷ്യരുടെ പാപത്തിന് പ്രായശ്ചിത്തം വരുത്തുവാനുള്ള ഒരു ബലിമരണവുമായിരുന്നു അത്. യേശുക്രിസ്തുവിന്റെ മരണം കേവലം ഒരു രക്തസാക്ഷിമരണം അല്ല. ക്രൂശുമരണത്തിൽ ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ പ്രതിപുരുഷനായി പാപപരിഹാരം വരുത്തി. നമ്മുടെ പുണ്യപ്രവൃത്തികളല്ല നമുക്കുവേണ്ടി മരിച്ചുയിർത്ത കർത്താവായ യേശുക്രിസ്തുവിന്റെ ബലിമരണത്തിലുള്ള വിശ്വാസമാണ് ഇന്ന് രക്ഷയ്ക്ക് മുഖാന്തരം. നാം നമ്മുടെ പ്രവൃത്തികളാൽ രക്ഷസമ്പാദിക്കാനല്ല, ക്രിസ്തു ക്രൂശിൽ നിവർത്തിച്ച രക്ഷയെ വിശ്വാസത്താൽ അനുഭവിക്കുന്നതിനാണ് ഇന്ന് ദൈവം നമ്മോടാവശ്യപ്പെടുന്നത്.

TETELESTAI PUBLICATIONS

ഇടയൻ എന്ന നിലയിൽ ക്രിസ്തു തന്റെ ആടുകൾക്ക് കൊടുക്കുന്നത് നിത്യജീവൻ ആണ്. “ഞാൻ അവർക്ക് നിത്യജീവൻ കൊടുക്കുന്നു, അവ ഒരുനാളും നശിച്ച് പോകയില്ല“. ഒരുപോലെ ദുരിതത്തിലായിരിക്കുന്ന ഒരുമനുഷ്യന് മറ്റ് മനുഷ്യനെ രക്ഷിയ്ക്കാൻ കഴികയില്ല എന്ന് നമുക്കറിയാം. യേശുക്രിസ്തുവാകട്ടെ തന്നിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ കൊടുക്കുന്നു. മാത്രമല്ല നിത്യത മുഴുവനും അവർ ഭദ്രമായിരിക്കുമെന്ന് ഉറപ്പും തരുന്നു. ഒരു മനുഷ്യനോ ഒരു ദൈവദൂതനോ ഇങ്ങനെ പറയാൻ സാധിക്കുമോ. ആടുകൾ തന്റെ കൈകളിലാണെന്നതു പോലെ തന്നെ പിതാവിന്റെ കൈകളിലുമാണ്. എന്നുതന്നെയുമല്ല പിതാവ് ആടുകളെയെല്ലാം തന്റെ കൈയ്യിൽ തന്നിരിക്കുകയാണെന്നും ക്രിസ്തു പറയുന്നു. ക്രിസ്തു ഒരു സാധാരണ മനുഷ്യൻ മാത്രമാണെങ്കിൽ കോടാനുകോടി ആത്മാക്കളെ അവരുടെ നിത്യഭദ്രതക്കായി ദൈവം ഒരു മനുഷ്യനെ ഏല്പിച്ചിരിക്കുകയാണെന്ന് നാം സമ്മതിക്കേണ്ടിവരും. അങ്ങനെയാണെങ്കിൽ അതിൽ എന്തു ഭദ്രതയാണുള്ളത്!. എന്താശ്വാസമാണുള്ളത്?.

ക്രിസ്തുവിന്റെ മരണം പോലെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് അവിടുത്തെ പുനരുത്ഥാനവും. “എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നു“. എന്നാണവിടുന്ന് പറഞ്ഞത്. ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ തന്റെ മരണം പാപപരിഹാര ബലിയാകയില്ല. ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ താൻ സ്വർഗ്ഗാരോഹണം ചെയ്തിട്ടുമില്ല. ചുരുക്കത്തിൽ സഭ ഭൂമിയിൽ ആവിർഭവിച്ചതിന് ക്രിസ്തുവിന്റെ പുനരുത്ഥാനമാണ് അടിസ്ഥാനം. അതുകൊണ്ട് മരിച്ച ഒരു ക്രിസ്തുവിനെ മാത്രമല്ല, പുനരുത്ഥാനം ചെയ്ത ഒരു ക്രിസ്തുവിനെക്കൂടെയാണ് പുതിയനിയമം ചൂണ്ടിക്കാണിക്കുന്നത്. നല്ല ഇടയനായി താൻ മരിച്ചു. വലിയ ഇടയനായി പുനരുത്ഥാനം ചെയ്ത് താൻ ഇന്നും ജീവിക്കുന്നു. ശ്രേഷ്ഠ ഇടയനായി വീണ്ടും വരും. ഈ ഇടയൻ കാണാതെപോയ ആടിനെ അന്വേഷിച്ച് കണ്ടെത്തുംവരെ തിരഞ്ഞ് നടക്കുന്നവനാണ്. കണ്ടെത്തിയാൽ വീട്ടിൽ എത്തും വരെ ചുമലിൽ എടുക്കുകയും ചെയ്യും. കണ്ടെത്തുന്നതുവരെയുള്ള ക്ലേശങ്ങൾ സഹിക്കാൻ മാത്രമല്ല, കണ്ടെത്തിയതിന് ശേഷം വീട്ടിൽ എത്തുന്നതുവരെയുള്ള ആവശ്യങ്ങൾ പരിഹരിക്കുന്നതിനും ഈ ഇടയൻ പ്രാപ്തനാണ്. അവൻ പാപികൾക്കുവേണ്ടി മരിച്ചു എന്നുമാത്രമല്ല, വിശുദ്ധന്മാർക്കുവേണ്ടി ജീവിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തിന്റെ ഭരണഭാരം ഏതൊരു ചുമലിലാണോ അതേ ചുമലുകളാണ് നമ്മെ വഹിക്കുന്നതിനും അവൻ ഉപയോഗിക്കുന്നത്.

“ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും“. ഇന്ന് ഭൂമുഖത്ത് കാണുന്ന സകല ക്രൈസ്തവ വിഭാഗങ്ങളും കൂടെ ചേർന്ന് ഒരു സഭയാകുമെന്നല്ല ഇതിന്റെ അർത്ഥം. യെഹൂദന്മാരിൽ നിന്നും പുറജാതികളിൽ നിന്നും ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന എല്ലാവരും ചേർന്ന ദൈവസഭയാണ് ഈ ആട്ടിൻകൂട്ടം. യെഹൂദസംഘം ഒരു തൊഴുത്തായിരുന്നു. ദൈവസഭ ആട്ടിൻകൂട്ടമാണ്, ക്രിസ്തുവാണ് അതിന്റെ ഇടയൻ. ആടുകൾ ഇടയന്റെ ശബ്ദം തിരിച്ചറിഞ്ഞ് അവനെ അനുഗമിക്കുന്നു. ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവരാണ് അവിടുത്തെ ആടുകൾ. ആടുകൾ അവനെ അനുഗമിക്കണം. അവന്റെ വചനത്തിനനുസരണമായി ജീവിക്കുകയും പ്രവൃത്തിക്കുകയും ചെയ്യേണ്ടത് ആടുകളുടെ കർത്തവ്യമാണ്. അർത്ഥസ്ഫുടതയില്ലാത്ത അനേക അപശബ്ദങ്ങൾ നിറഞ്ഞ ഈ ലോകത്തിൽ യേശുക്രിസ്തുവിന്റെ ശബ്ദം തിരിച്ചറിഞ്ഞ് നമുക്ക് മുമ്പോട്ട് പോകുവാൻ ഇടയാകട്ടെ.

TETELESTAI PUBLICATIONS

# 7

# ക്രിസ്തു
# പുനരുത്ഥാനവും, ജീവനും

**ഞാൻ തന്നെ പുനരുത്ഥാനവും, ജീവനും ആകുന്നു.**
**എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.**

യോഹന്നാൻ 11:25

മരിച്ച ലാസറിനെ ഉയിർപ്പിച്ചതാണ് യേശുക്രിസ്തു ചെയ്ത ഏറ്റവും വലിയ അത്ഭുതം. ലാസറിന്റെ കല്ലറക്ക് സമീപം നിന്നുകൊണ്ട് അവന്റെ സഹോദരിയായ മാർത്തയോട് ക്രിസ്തു പറഞ്ഞ വാക്കുകളാണിവ. മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ മർമ്മമാണ് മരണം. മനുഷ്യചരിത്രത്തോളം പഴക്കമുള്ള ഒന്നാണ് മരണം. പാപം നിമിത്തമാണ് മരണം ലോകത്തിൽ പ്രവേശിച്ചതെന്ന് ബൈബിൾ പറയുന്നു. എല്ലാവരും മരിക്കുന്നതിനാൽ എല്ലാവരിലും പാപം പ്രവേശിച്ചിട്ടുണ്ടെന്ന് തെളിയുന്നു. മരണത്തിന്റെ മുമ്പിൽ മനുഷ്യർ കേവലം നിസ്സഹായരാണ്. കൊട്ടാരമെന്നോ കുടിലെന്നോ വ്യത്യാസമില്ലാതെ ഏത് വാതില്ക്കലും മരണം ചെന്ന് മുട്ടുന്നു. പ്രതാപവും പ്രതിഭയും വകവെക്കാതെ, ശിശുവിനേയും വൃദ്ധനേയും ആദരിക്കാതെ, മരണം സകലത്തേയും അതിന്റെ പിടിക്കുള്ളിലൊതുക്കുന്നു. ലോകസുഖങ്ങളുടെയെല്ലാം മറുപുറത്ത് മരണം ഒളിഞ്ഞ് നിൽക്കുന്നു. മാർബിൾ കല്ലറയും, മൺകുഴിയും ഒരുപോലെ മരണത്തിന്റെ വിജയസ്തംഭങ്ങളാണ്. ആഹ്ളാദപൂർണ്ണമായ സമ്മേളനങ്ങളുടെ മേൽ മരണം വേർതിരിവിന്റെ കരിനിഴൽ വീഴ്ത്തുന്നു. എത്രയെത്ര മാതാപിതാക്കളെ അത് മക്കളില്ലാത്തവരായിത്തീർത്തു. എത്രയോ ലക്ഷം സ്ത്രീകളെ അത് വിധവകളാക്കി, എത്രയോ കോടി വാത്സല്യഭാജനങ്ങളെ അത് എന്നേക്കുമായി അകറ്റിക്കളഞ്ഞു. ജീവിതകപ്പൽ തകർത്ത് കളഞ്ഞ പാറക്കെട്ടായി. ജീവിതവൃക്ഷം അടിച്ച് വീഴ്ത്തുന്ന കൊടുങ്കാറ്റായി മരണം നടനമാടുന്ന ഈ ലോകത്തിൽ പുനരുത്ഥാന സന്ദേശവുമായി യേശുക്രിസ്തു ഇതാ നിലകൊള്ളുന്നു. പുനരുത്ഥരിക്കാൻ കഴിവുണ്ടെന്ന് മാത്രമല്ല പുനരുത്ഥാനമായിത്തന്നെയാണ് ക്രിസ്തു സ്വയം അവതരിപ്പിക്കുന്നത്. പുനരുത്ഥാനമെന്താണോ, ജീവൻ എന്താണോ അതാണ് യേശുക്രിസ്തു.

രണ്ടുതരത്തിലുള്ള പുനരുത്ഥാനത്തെക്കുറിച്ചും രണ്ട് ഘട്ടങ്ങളിലായി നടക്കേണ്ട പുനരുത്ഥാനത്തെക്കുറിച്ചും കർത്താവായ യേശു പറഞ്ഞിട്ടുണ്ട്. രണ്ടും ക്രിസ്തു മുഖാന്തരമാണ് നിറവേറേണ്ടത്. (യോഹന്നാൻ 5:25,28,29) ഒന്ന് ആത്മീകമായ ഉത്ഥാനമാണ്. മരണം പാപത്തിന്റെ ഫലമാണെന്ന് മുൻ പറഞ്ഞല്ലോ. മരണം ശാരീരികം മാത്രമല്ല ആത്മീകം കൂടെയാണ്. പാപം നിമിത്തം മനുഷ്യാത്മാവും ദൈവവും തമ്മിൽ അകന്നുപോയി. ഈ അകൽച്ചയാണ് മരണത്തിന്റെ പൊരുൾ. ആദാം പാപം ചെയ്തപ്പോൾ ഈ മരണം സംഭവിച്ചു. ആത്മീകമരണത്താൽ മനുഷ്യന് പ്രകൃത്യാ ദൈവസംസർഗ്ഗത്തിന് കഴിവില്ലാതെയായി തീരുന്നു. ദൈവപുത്രന്റെ വചനം വിശ്വസിക്കുമ്പോൾ നിത്യജീവൻ പ്രാപിക്കുകയും ആത്മീക പുനരുത്ഥാനം ഉള്ളിൽ സംഭവിക്കുകയും ചെയ്യുന്നു. ഈ പുനരുത്ഥാനം ഇന്ന് മനുഷ്യജീവിതത്തിൽ നടന്നുകൊണ്ടിരിക്കുന്നു. രണ്ടാമത്തേത് മരിച്ചുപോയവരുടെ ശാരീരിക പുനരുത്ഥാന

TETELESTAI PUBLICATIONS

മാണ്. ശാരീരിക മരണത്താൽ ശരീരവും ആത്മാവും തമ്മിൽ വേർപിരിയുന്നു. എന്നാൽ ക്രിസ്തു വീണ്ടും വരുമ്പോഴും അതിനുശേഷവും നീതിമാന്മാരും ദുഷ്ടന്മാരും ഉയിർത്തെഴുന്നേൽക്കും. നീതിമാന്മാർ നിത്യജീവനായും ദുഷ്ടന്മാർ ന്യായവിധിക്കായും.

മരിച്ചവർ ഉയിർക്കുമോ?. മനുഷ്യചരിത്രത്തിലെ പഴക്കമേറിയതും പ്രയാസമേറിയതുമായ ഒരു ചോദ്യമാണിത്. കർത്താവായ യേശുക്രിസ്തു മാത്രമാണ് ഇതിന്റെ ഉത്തരം നമുക്ക് തരുന്നത്, അഥവാ താനാണതിന്റെ ഉത്തരം. “എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും”. ഇങ്ങനെ ആർക്ക് പറയുവാൻ സാധിച്ചിട്ടുണ്ട്. ഏതൊരു മതാചാര്യൻ അവകാശപ്പെട്ടിട്ടുണ്ട്?. ഏത് തത്വജ്ഞാനി പഠിപ്പിച്ചിട്ടുണ്ട്?. ഏത് പ്രവാചകൻ ഉത്ഘോഷിച്ചിട്ടുണ്ട്?. ആത്മീകമായി മരിച്ചിരിക്കുന്ന ഒരുവൻ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവൻ നിത്യജീവൻ പ്രാപിച്ച് ദൈവസംസർഗ്ഗത്തിന് ശക്തനായിതീരുന്നു. ശാരീരികമരണം ഈ ബന്ധത്തെ ഹനിക്കുന്നില്ല. എന്നാൽ ആത്മീകമായ മരിച്ച ഒരുവൻ ആ സ്ഥിതിയിൽതന്നെ ശരീരത്തിലും മരിക്കുമ്പോൾ ദൈവത്തിൽനിന്ന് എന്നന്നേക്കുമായി അകന്ന് തിരിച്ച് വരുവാൻ കഴിയാതവണ്ണം രക്ഷയുടെ മാർഗ്ഗത്തിൽനിന്ന് നിത്യമായി അകന്നുപോകുന്നു.

ക്രിസ്തു പുനരുത്ഥാനവും ജീവനുമാകയാൽ തന്നിൽ വിശ്വസിക്കുന്നവർക്ക് മരണത്തിലും പ്രത്യാശയുണ്ട്. അവർ മരിച്ചാലും ഉയിർക്കും. അവരുടെ ആത്മാവ് മാത്രമല്ല ശരീരവും തേജസ്സുള്ളതായി ക്രിസ്തുവിനോടുകൂടെ മഹത്വത്തിൽ ഉണ്ടായിരിക്കും. അതിന്റെ ഉറപ്പായിട്ടാണ് ക്രിസ്തു ഇന്ന് ശരീരത്തോടുകൂടെ സ്വർഗ്ഗത്തിൽ സ്ഥിതി ചെയ്യുന്നത്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏത് മനുഷ്യനും, “ഹേ മരണമേ, നിന്റെ ജയം എവിടെ. ഹേ, പാതാളമേ നിന്റെ വിഷമുള്ളെവിടെ” എന്ന് സധൈര്യം ചോദിക്കുവാൻ കഴിയും. പ്രിയ വായനക്കാരാ. നിങ്ങളുടെ നിത്യത നിങ്ങൾ എവിടെ കഴിക്കും. ഇന്ന് മരിച്ചാൽ നിങ്ങൾ എവിടെ പോകും?.

TETELESTAI PUBLICATIONS

# 8

# വഴിയും, സത്യവും, ജീവനും

**ഞാൻ തന്നെ വഴിയും, സത്യവും, ജീവനുമാകുന്നു.**
**ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.**

യോഹന്നാൻ 14.6

ക്രിസ്തുവിന്റെ ഐഹികജീവതകാലം തീരുന്നതിന് ഇനിയും അധിക സമയം ഇല്ല. തന്റെ ശിഷ്യരെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നതിനിടയിൽ ഒരു ശിഷ്യൻ ഇപ്രകാരം ചോദിച്ചു. "കർത്താവേ നീ എവിടെ പോകുന്നു എന്ന് അറിയുന്നില്ല, പിന്നെ വഴി എങ്ങനെ അറിയും?". പ്രസിദ്ധമായ ഈ ചോദ്യത്തിന് കർത്താവ് നൽകിയ പ്രസിദ്ധിയേറിയ മറുപടിയാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. നമുക്കൊരുമിച്ച് വഴികണ്ടുപിടിക്കാൻ ശ്രമിക്കാമെന്നോ, ആത്മലോകത്തിലേക്കുള്ള വഴി ഏത് മഹാനും അജ്ഞാതമാണെന്നോ, ഒരു ഉത്തരം പറയാൻ ഞാൻ അശക്തനാണന്നോ അല്ല ക്രിസ്തു പറഞ്ഞത്. പ്രത്യുത, ദൈവസന്നിധിയിലേക്കുള്ള വഴിയും, ദൈവത്തെക്കുറിച്ചുള്ള സത്യവും, ദൈവത്തിൽനിന്നുള്ള ജീവനും ഞാൻ തന്നെ ആണെന്നും തന്നെക്കൂടാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ലെന്നും ക്രിസ്തു അവകാശപ്പെടുകയാണുണ്ടായത്. ദൈവസന്നിധിയിലേക്കുള്ള വഴിയും യേശുക്രിസ്തുവാണ്.

ക്രിസ്തു വഴിമാത്രമല്ല സത്യവുമാണ്. സത്യവും സത്യത്തിന്റെ ആകത്തുകയുമാണ് താൻ. ക്രിസ്തു പിതാവിങ്കലേക്കുള്ള വഴി ആയിരിക്കുന്നതുപോലെ പിതാവിനെക്കുറിച്ചുള്ള സത്യവുമാണ്. സർവ്വശക്തനായ ദൈവം മനുഷ്യന്റെ പിതാവാണെന്നുള്ള സത്യം. പാപികളായ മനുഷ്യർക്ക് ദൈവമക്കളായിത്തീരുവാൻ കഴിയുമെന്നുള്ള സുപ്രധാന സത്യം ക്രിസ്തുവിൽ കൂടെ മാത്രമാണ് വെളിപ്പെട്ടത്. ക്രിസ്തുവിൽ കൂടെ വെളിപ്പെട്ടതിനപ്പുറമായി ദൈവത്തെക്കുറിച്ച് ഒരു പുതിയ വെളിപ്പാടിന് നാം കാത്തിരിക്കേണ്ട ആവശ്യമില്ല. ക്രിസ്തു സത്യവും സത്യത്തിന്റെ മൂർത്തീകരണവുമാണ്. ഞാൻ തന്നെ ജീവൻ, ക്രിസ്തു വഴിയും സത്യവും മാത്രമല്ല ജീവനുമാണ്. തൻ ജീവൻ ഉടലെടുത്തതാണ്. ജീവന്റെ കേന്ദ്രമാണ്. ജീവനെതിരായ സകലതും നാം വെറുക്കുന്നു. ജീവനില്ലെങ്കിൽ പ്രവർത്തനമോ സംസർഗ്ഗമോ ഇല്ല. ജീവനില്ലെങ്കിൽ ജീർണ്ണതയും വിനാശവുമാണ് ഫലം. ഇത് ശാരീരിക ജീവനെക്കുറിച്ചും ആത്മീകജീവനെക്കുറിച്ചും ശരിയാണ്.

യേശുക്രിസ്തു വഴിയാണ്, തന്നെക്കൂടാതെ യാത്രയില്ല. യേശുക്രിസ്തു ജീവനാണ്, തന്നെക്കൂടാതെ ജീവിതമില്ല. ക്രിസ്തു സത്യമാണ്, തന്നെക്കൂടാതെ ജ്ഞാനമില്ല. തെറ്റിപ്പോകാത്ത വഴിയും, മാറ്റം വരാത്ത സത്യവും, അവസാനിച്ചുപോകാത്ത ജീവനുമാണ് ക്രിസ്തു. ക്രിസ്തുവാകുന്ന വഴി ദൈവത്തിങ്കലേക്ക് നമ്മെ നയിക്കുന്നു. ക്രിസ്തുവാകുന്ന സത്യം ദൈവത്തേയും മനുഷ്യനേയും കുറിച്ച് അറിയാൻ നമ്മെ പ്രാപ്തരാക്കുന്നു. ക്രിസ്തുവാകുന്ന ജീവൻ ദൈവത്തിന് പ്രസാദമായി ജീവിക്കുവാൻ നമ്മെ ശക്തീകരിക്കുന്നു. വഴി എന്തെന്നറിയാത്തവർക്കു ക്രിസ്തു വഴിയാണ്, സത്യമെന്തന്നറിയാത്ത ലോകത്തിൽ ക്രിസ്തു സത്യമാണ്, മരണം നിറഞ്ഞ ഈ ലോകത്തിൽ ക്രിസ്തു ജീവനാണ്. ക്രിസ്തു മാത്രം വഴി, ക്രിസ്തു മാത്രം സത്യം, ക്രിസ്തു മാത്രം ജീവൻ.

# 9

# സാക്ഷാൽ മുന്തിരിവള്ളി

**ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും, എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു**

യോഹന്നാൻ 15.1

യേശുക്രിസ്തുവന്റെ അവകാശവാദങ്ങളിൽ ഏറ്റവും ഒടുവിലത്തേതാണ് ഇത്. പഴയനിയമത്തിൽ യിസ്രായേൽ ജാതിയെ മുന്തിരിവള്ളിയോട് സാമ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യിസ്രായേൽ ശരിക്കും ഫലം കായിച്ചില്ല എന്ന് തന്നെയല്ല കാട്ടുമുന്തിരിയായി ഭവിക്കുകയും ചെയ്തു. ഇത് അവരെപ്പറ്റി മാത്രമല്ല മാനവവർഗ്ഗത്തെക്കുറിച്ച് മുഴുവനും ശരിയാണ്. എന്നാൽ ക്രിസ്തു ഈ പ്രമാണത്തിൽ നിന്ന് വ്യത്യസ്തനാണ്. സാക്ഷാൽ മുന്തിരിവള്ളി എന്ന നിലയിൽ പിതാവിന് പ്രസാദമുള്ള ഫലങ്ങളല്ലാതെ ആ ജീവിതത്തിൽ കണ്ടിട്ടില്ല. തന്നിൽ പാപപ്രകൃതി ഇല്ലായിരുന്നു. താൻ പാപം ചെയ്തിട്ടുമില്ല. ഈ ലോകത്തിന്റെ വരണ്ട മണ്ണിൽ ദൈവത്തിന്റെ മുന്തിരിവള്ളിയായി അവിടുന്ന് വളർന്നു.

യേശുക്രിസ്തു സാക്ഷാൽ മന്തിരിവള്ളിയായിരിക്കുന്നത്, മനുഷ്യവർഗ്ഗം തൻ മുഖാന്തരം ദൈവത്തിന് വീണ്ടും ഫലം കായിക്കേണ്ടതിനാണ്. തന്നിൽ വിശ്വസിക്കുന്നവരെല്ലാം ഈ മുന്തിരിവള്ളിയുടെ കൊമ്പുകളാണ്. മന്തിരിവള്ളിയുടെ ജീവനും ചൈതന്യവും കൊമ്പുകളിലേക്ക് വ്യാപിക്കുയും അങ്ങനെ ഫലം കായ്ക്കാൻ ഇടവരികയും ചെയ്യുന്നു. ഒരു മനുഷ്യന് ജീവിതം ഫലകരമാകണമെങ്കിൽ യേശുക്രിസ്തുവിനോട് ബന്ധം ഉണ്ടാകണം. ബാഹ്യബന്ധം മാത്രമല്ല ആന്തരികമായ ജീവൽബന്ധം ഉണ്ടായിരിക്കണം. ഇസ്കരിയോത്ത് യൂദാ യേശുക്രിസ്തുവിന്റെ ശിഷ്യനായി മൂന്നര വർഷത്തോളം തന്റെ കൂടെ സഞ്ചരിച്ചു എങ്കിലും അവൻ യേശുക്രിസ്തുവാകുന്ന മുന്തിരിവള്ളിയുടെ കൊമ്പായിരുന്നില്ല. അവൻ നിത്യനാശത്തിലേക്ക് പോവുകയാണുണ്ടായത്. ക്രൈസ്തവമായ ചുറ്റുപാടുകളോ, പരിശീലനമോ, നാമധേയമോ ഒരുവനെ സത്യക്രിസ്ത്യാനിയാക്കുന്നില്ല. യേശുക്രിസ്തുവിനോടുള്ള ജീവൽബന്ധമാണ് ഒരുവനെ സത്യക്രിസ്ത്യാനിയാക്കുന്നത്.

ഈ മുന്തിരിവള്ളിയുടെ കൊമ്പുകളാകാൻ ഇന്ന് എങ്ങനെ കഴിയും?. യേശുക്രിസ്തുവിലെ വിശ്വാസത്താൽ!. അങ്ങനെ വിശ്വസിക്കുന്നതിനാണ് ലോകമെങ്ങും സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുന്നത്. സുവിശേഷം ദൈവനീതിയേയും അതേസമയം ദൈവസ്നേഹത്തേയും വിളിച്ചറിയിക്കുന്നു. പാപി നിത്യശിക്ഷ അനുഭവിക്കുന്നത് ദൈവനീതിക്ക് ചേർന്നതാണെങ്കിലും അതിനാൽ ദൈവത്തിന്റെ കരുണയും സ്നേഹവും വെളിപ്പെടുന്നില്ല. ഇതിന്റെ പരിഹാരമായി ദൈവജ്ഞാനത്തിൽ നിയമിച്ചതാണ് കാൽവറിയിലെ കുരിശ്. പാപത്തെ ശിക്ഷിക്കുകയും പാപിയെ രക്ഷിക്കുകയും ചെയ്യുന്നതെങ്ങനെയാണെന്നാണ് കുരിശ് തെളിയിക്കുന്നത്. ദൈവജ്ഞാനത്തിന് പ്രപഞ്ചം സാക്ഷ്യം വഹിക്കുന്നു. ദൈവം സർവ്വശക്തനെന്ന് അഖിലാണ്ഡം വിളിച്ചുപറയുന്നു. എന്നാൽ നീതിമാനും വിശുദ്ധനുമായ

TETELESTAI PUBLICATIONS

ദൈവം പാപിയെ സ്നേഹിക്കുന്നെന്ന് ക്രൂശ് മാത്രമാണ് വെളിപ്പെടുത്തുന്നത്. ജീവിതത്തെ രൂപാന്തരപ്പെടുത്തുവാൻ കഴിയുന്ന ഒരു സന്ദേശമേയുള്ളൂ, കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷമാണത്. ബാഹ്യാചാരങ്ങൾക്കും കർമ്മാചാരങ്ങൾക്കും ഒരുകാലത്തും കൈവരുത്തുവാൻ കഴിയാത്ത അനുഗ്രഹീതവും അത്ഭുതകരവുമായ പരിവർത്തന ശക്തിയാണ് സുവിശേഷം ഉൾക്കൊള്ളുന്നത്.

യേശുക്രിസ്തുവിന്റെ അവകാശവാദങ്ങളെക്കുറിച്ചും അവിടുത്തെ അനുപമമായ ആളത്വത്തെപ്പറ്റിയും നാം ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിടുന്ന് അന്ന് അവകാശപ്പെട്ടതെല്ലാം ഇന്ന് യാഥാർത്ഥ്യമായി തീർന്നിരിക്കുന്നു. പാപികളുടെ രക്ഷകനായി ലോകചരിത്രത്തിൽ വേറൊരാൾ പ്രത്യക്ഷപ്പെട്ടിട്ടില്ല. ഇനി പ്രത്യക്ഷപ്പെടുകയുമില്ല. പാപികളോട് ധർമ്മോപദേശം ചെയ്യുവാൻ പല ഗുരുക്കന്മാർ ഉണ്ടായിട്ടുണ്ട്. എന്നാൽ പാപികളെ രക്ഷിക്കുവാൻ യേശുക്രിസ്തു മാത്രമെയുള്ളൂ. "എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴികയില്ല" എന്ന് പറയത്തക്കവണ്ണം അവിടുത്തെ അവകാശവാദങ്ങൾ അത്ര ഖണ്ഡിതവും പരിപൂർണ്ണവുമാണ്. അവിടുത്തെ നിസ്തുല്യമായ വ്യക്തിത്വത്തിന്റെ മുമ്പിൽ നമ്മുടെ തലകൾ കുനിയുകയും പാദങ്ങൾ മടങ്ങുകയും ചെയ്യട്ടെ. ജീവന്റെ അപ്പമായ താൻ നമ്മുടെ ആഹാരവും, ലോകത്തിന്റെ വെളിച്ചമായ താൻ നമ്മുടെ ശാശ്വത പ്രകാശവുമായിതീരട്ടെ. നല്ല ഇടയനായ ക്രിസ്തു നമ്മുടെ നേതാവും, വാതിലായ താൻ നമുക്ക് നിത്യസൗഭാഗ്യത്തിലേക്കുള്ള വാതായനവുമായി ഭവിക്കട്ടെ. ജീവനും പുനരുത്ഥാനവുമായ ക്രിസ്തു ജീവിതത്തിൽ നമുക്ക് ശരണവും മരണത്തിൽ നങ്കൂരവുമായി തീരട്ടെ. ഈ മുന്തിരിവള്ളിയിൽ ഫലം കായിച്ച് ജീവിതം സഫലമായിത്തീരുവാൻ ദൈവകൃപ നമ്മെ അനുഗ്രഹിക്കട്ടെ. കർത്താവായ യേശുക്രിസ്തുവിന്റെ വന്ദ്യതിരുനാമം ഇന്നും എന്നേക്കും വാഴ്ത്തപ്പെടട്ടെ.

# ഉപസംഹാരം

മാന്യവായനക്കാരാ, ക്രിസ്തുവിന്റെ അനുപമമായ ആളത്വത്തിന്റെ അടിസ്ഥാനത്തിൽ താൻ പുറപ്പെടുവിച്ച അവകാശവാദങ്ങളെക്കുറിച്ചാണ് മുൻ പേജുകളിൽ താങ്കൾ വായിച്ചത്. ലോകചരിത്രത്തിൽ മറ്റേതെങ്കിലുമൊരു മത സ്ഥാപകനോ തത്വചിന്തകനോ ഇങ്ങനെയുള്ള കാര്യങ്ങൾ അവകാശപ്പെട്ടിട്ടില്ല എന്നത് തർക്കരഹിതമായ ഒരു വസ്തുതയാണ്. ഈ അവകശവാദങ്ങളിലൂടെ മനുഷ്യരാശിയുടെ ആദ്ധ്യാത്മികാവശ്യങ്ങൾ പരിഹരിക്കുവാൻ താൻ പ്രാപ്തനാണെന്നത്രേ ക്രിസ്തു വ്യക്തമാക്കിയത്. ക്രിസ്തുവിന്റെ ജീവിതമല്ല മരണമാണ് രക്ഷയുടെ ആധാരമായി പുതിയ നിയമം ചൂണ്ടിക്കാണിക്കുന്നത്. മനുഷ്യന്റെ പാപത്തിന് ദൈവം ക്രിസ്തുവിൽ പരിഹാരം വരുത്തി. അത് നാം വിശ്വസിക്കണം. ഇതാണ് ക്രൈസ്തവ സുവിശേഷത്തിന്റെ രത്നചുരുക്കം. ക്രിസ്തു മരിച്ചവസാനിച്ചുപോയ ഒരു മഹാനല്ല. മരിച്ചുയിർത്ത് ഇന്നും ജീവിക്കുന്ന ഒരു രക്ഷകനാണ്. അതിനാൽ ഭൂലോകത്തിന്റെ ഏത് കോണിൽ വസിക്കുന്ന മനുഷ്യനും ക്രിസ്തുവിനെ വിശ്വാസത്താൽ സമീപിക്കാൻ കഴിയും. ലോകത്തെവിടെയുമുള്ള മനുഷ്യർക്ക് പണ്ഡിതനും, പാമരനും, കിരാതനും, സംസ്കാര സമ്പന്നനും, പാശ്ചാത്യനും, പൗരസ്ത്യനും ഒന്നുപോലെ ആവശ്യമുള്ള ഒരു രക്ഷയാണ് ക്രിസ്തു സാധിച്ചിരിക്കുന്നത്. "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ". എന്നാണ് ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് ആജ്ഞ നൽകിയത്. വിശ്വസിക്കുകയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. എന്ന് പറഞ്ഞു. മർക്കോസ് 16.15,16

ക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കുന്ന രക്ഷ വിവിധ നിലകളിൽ മഹത്തരമാണ്. ഒന്നാമത്, അത് സകല ജാതികൾക്കും മതസ്ഥർക്കും ആവശ്യമുള്ളതും അവർക്കുവേണ്ടിയുള്ളതുമാണ്. നിങ്ങൾ ഒരു മനുഷ്യനാണെന്നു

TETELESTAI PUBLICATIONS

വരികിൽ ഈ രക്ഷ നിങ്ങൾക്കും വേണ്ടിയുള്ളതാണ്. കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.(റോമർ 10:13). രണ്ടാമതായി ഈ രക്ഷ സൗജന്യമാണ്, ഇതിനുവേണ്ടി പുണ്യയാത്രകളോ, ദാനധർമ്മങ്ങളോ, പണച്ചെലവുള്ള കർമ്മാനുഷ്ഠാനങ്ങളോ ഒന്നും ആവശ്യമില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ഇത് സൗജന്യമായി ലഭിക്കുന്നു. നമ്മുടെ കർമ്മങ്ങളാലല്ല രക്ഷിക്കപ്പെടുന്നതെന്ന് കാണിക്കുവാനാണ് വിശ്വാസത്താൽ രക്ഷിക്കപ്പെടുന്നു എന്ന് പറഞ്ഞിരിക്കുന്നത്. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിക്കാൻ പ്രവർത്തികളും കാരണമല്ല. (എഫേസ്യർ 2:8,9). മൂന്നാമതായി ഇത് ഒരു നൊടിനേരം കൊണ്ട് പ്രാപിക്കാൻ കഴിയുന്ന രക്ഷയാണ്. ആയുസ്സ് മുഴുവൻ രക്ഷക്കുവേണ്ടി പരിശ്രമിച്ചിട്ട് ഒടുവിൽ എവിടേക്ക് പോകുന്നു എന്നറിയാതെ ലോകത്തോട് യാത്രപറയുന്ന അനുഭവമല്ല സുവിശേഷം നിങ്ങൾക്ക് കാണിച്ചുതരുന്നത്. ക്രിസ്തു പറയുന്നത് കേൾക്കുക. ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു, എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു. (യോഹന്നാൻ 5:24). നാലാമതായി മരണാനന്തര ജീവിതം എവിടെ, എങ്ങനെ എന്നുള്ളതിന് വ്യക്തമായ ഉറപ്പ് ഈ ജീവിതത്തിൽതന്നെ ലഭിക്കുന്നതിന് ക്രിസ്തുവിലുള്ള രക്ഷ സഹായിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന നിമിഷത്തിൽ പാപത്തിന്റെ ഫലമായ നരകശിക്ഷയിൽ നിന്ന് വിടുതൽ കിട്ടി എന്ന് ഉറപ്പ് ലഭിക്കുന്നു. അതുകൊണ്ട് ഇപ്പോൾ ക്രിസ്തുവേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. (റോമർ 8:1) തൽഫലമായി സമാധാനവും, ശാന്തിയും ഹൃദയത്തിൽ ലഭിക്കുന്നു. അത് താല്ക്കാലികമായ ഒരനുഭവമല്ല, ആയുഷ്കാലം മുഴുവൻ നീണ്ടു നിൽക്കുന്ന ഒന്നായിരിക്കും. ക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ ഫലമായി ഹൃദയത്തിനും ജീവിതത്തിനും പരിവർത്തനം സംഭവിക്കുന്നു. ദൈവജീവൻ നമ്മിൽ വ്യാപരിക്കുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ അധിവസിക്കുകയും ചെയ്യും. തന്നിമിത്തം ഒരു വിശുദ്ധ ജീവിതം സാദ്ധ്യമായിത്തീരും. ഇങ്ങന ജീവിക്കുന്ന ഒരുവന് മരണം ഒരു പേടിസ്വപ്നമല്ല. ക്രിസ്തു പറയുന്നത് ശ്രദ്ധിക്കുക. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല. (യോഹന്നാൻ 11:25,26). ഒടുവിലായി ക്രിസ്തുവിലെ ഈ രക്ഷ മഹത്വസമ്പൂർണ്ണമായ ഒരു പ്രത്യാശ നമുക്ക് ദാനംചെയ്യുന്നു. കർത്താവായ യേശു വീണ്ടും വരും എന്നുള്ളതാണ് ഈ പ്രത്യാശ. മരിച്ചുപോയ വിശ്വാസികൾ വീണ്ടും ഉയിർത്തെഴുന്നേൽക്കുകയും, ജീവനോടിരിക്കുന്നവർ രൂപാന്തരപ്പെടുകയും ചെയ്യും. ക്രിസ്തുവിന്റെ വരവിങ്കൽ നമ്മുടെ ശരീരം തേജസ്സുള്ളതായി തീരും. ഇങ്ങനെ ക്രിസ്തുവിനോടുകൂടെ നാം എന്നേക്കും ഇരിക്കും. ഒരിക്കൽ ഈ ഭൂമിയിൽ വന്ന് പാപ പരിഹാരാത്ഥം സ്വയം യാഗമായ ക്രിസ്തുവേശു ഇന്നും ജീവിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവരെ രക്ഷിക്കുകയും അതിനുശേഷം സംരക്ഷിക്കുകയും ചെയ്യുന്നു. വിശ്വസിക്കുന്ന ഓരോരുത്തർക്കും ക്രിസ്തുവിനോട് നേരിട്ട് ബന്ധം ഉണ്ടാകുന്നു.

സ്നേഹിതാ, യേശുക്രിസ്തുവിനെപ്പോലെ ഒരു രക്ഷകൻ വേറെയില്ല. പാപിയുടെ ഏക രക്ഷകൻ ക്രിസ്തുവാണ്. ക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിച്ച് ഈ രക്ഷയുടെ പങ്കാളിയായിത്തീരുവാനും, ക്രിസ്തുവിനുവേണ്ടി ജീവിച്ച് ക്രിസ്തുവിന്റെ വരവിനെ കാത്തിരിക്കുവാനും നിങ്ങൾക്കിടയാകുവാൻ ഈ ചെറുഗ്രന്ഥത്തിന്റെ പാരായണം സംഗതിയാക്കട്ടെ എന്നാശംസിച്ചുകൊണ്ട് വിരമിക്കട്ടെ.

Tetelestai
PUBLICATIONS

gladsonparayil@gmail.com